2023
JULY
07
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
WAYANADAN PRODUCTS
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# സർക്കാർ 1000 കോടി കൂടി കടമെടുക്കുന്നു



**തിരുവനന്തപുരം:** ഏപ്രിലിലെ ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനായി 1,000 കോടി രൂപ കൂടി കടമെടുക്കാൻ സർക്കാർ തീരുമാനിച്ചു. ഇതിനായുള്ള ലേലം 11നു റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫിസിൽ നടക്കും. 20,521 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിനു കടമെടുക്കാൻ കഴിയുക. 1000 കോടി കൂടി കടമെടുക്കുന്നതോടെ ഈ വർഷത്തെ ആകെ കടമെടുപ്പ് 9000 കോടിയാകും. കടമെടുപ്പ് തുക വർധിപ്പിക്കണമെന്നാവശ്യപ്പെട്ടു സംസ്ഥാനം നൽകിയ കത്തിന് ഇതുവരെ കേന്ദ്രത്തിൽ നിന്നു മറുപടി ലഭിച്ചിട്ടില്ല.

## ബിഎസ്‌സി ഓഹരികളുടെ വിപണിമൂല്യം 300 ലക്ഷം കോടിയിലേക്ക്



**മുംബൈ:** ബോംബെ സ്റ്റോക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തിട്ടുള്ള കമ്പനികളുടെ ആകെ വിപണിമൂല്യം 299.90 ലക്ഷം കോടി രൂപയായി ഉയർന്നു. റെക്കോർഡ് നിരക്കാണിത്. കഴിഞ്ഞ ദിവസങ്ങളിൽ തുടർച്ചയായി വിപണികളിലുണ്ടായ നേട്ടമാണ് വിപണിമൂല്യം റെക്കോർഡിലെത്താൻ ഇടയാക്കിയത്. അതേസമയം ഇന്നലെ ഓഹരി വിപണികളിൽ നേരിയ ലാഭമെടുപ്പ് നടന്നു.

സെൻസെക്സ് സൂചിക 33 പോയിന്റ് ഇടിഞ്ഞു. കഴിഞ്ഞ 5 വ്യാപാരദിനങ്ങളിൽ സെൻസെക്സ് സൂചിക 2500 പോയിന്റ് ഉയർന്നിരുന്നു. മാരുതി, ഇൻഡസ് ഇൻഡസ് ബാങ്ക്, ടെക് മഹീന്ദ്ര, ഹിന്ദുസ്ഥാൻ യൂണിലീവർ, ഐടിസി, ഐസിഐസിഐ ബാങ്ക്, പവർഗ്രിഡ്, നെസ്‌ലെ തുടങ്ങിയ കമ്പനികളുടെ നേട്ടമാണ് വിപണിമൂല്യം ഉയർത്തിയത്. എച്ച്ഡിഎഫ്സി ഓഹരികൾക്ക് ഇന്നലെ 3% ഇടിവു നേരിട്ടു. ബജാജ് ഫിൻസെർവ്, വിപ്രോ, ടാറ്റ മോട്ടോഴ്സ്, അൾട്രാടെക് സിമന്റ്, ആക്സിസ് ബാങ്ക്, എൻടിപിസി എന്നിവ ഇന്നലെ നഷ്ടത്തിലാണ് വ്യാപാരം അവസാനിപ്പിച്ചത്. 1603 കോടി രൂപയുടെ ഓഹരികളാണ് ഇന്ത്യൻ വിപണിയിൽ നിന്ന് ഇന്നലെ വിദേശ നിക്ഷേപകർ വാങ്ങിയത്.



## 5ജി വേഗത്തിലാക്കാൻ ജിയോ; നോക്കിയയുമായി 170 കോടി ഡോളറിന്റെ കരാർ

**ന്യൂഡൽഹി:** 5ജി നെറ്റ്!വർക്ക് വ്യാപിപ്പിക്കുന്നതിനായി ഫിന്നിഷ് കമ്പനിയായ നോക്കിയയുമായി കൈകോർത്ത് റിലയൻസ് ജിയോ. 170 കോടി ഡോളറിന്റെ കരാറിനാണ് ധാരണയായത്. നോക്കിയ കമ്പനിയുടെ ആസ്ഥാനമായ ഹെലൻസ്കിയിൽ വച്ച് ജൂലൈ 6ന് കരാറിൽ ഒപ്പുവയ്ക്കുമെന്നാണ് റിപ്പോർട്ടുകൾ. 5ജിയുടെ പ്രവർത്തനം വേഗത്തിലാക്കാൻ സ്വീഡനിലെ എറിക്സൺ കമ്പനിയുമായി ജിയോ 210 കോടി ഡോളറിന്റെ കരാറിൽ ഒപ്പുവച്ചതിനു പുറമെയാണ് പുതിയ കരാർ.


ഈ വർഷത്തോടെ രാജ്യത്ത് വ്യാപകമായി 5ജി എത്തിക്കുകയെന്ന ലക്ഷ്യമാണ് ജിയോയ്ക്ക്. എച്ച്എസ്ബിസി, ജെപി മോർഗൻ, സിറ്റിഗ്രൂപ്പ് തുടങ്ങിയ രാജ്യാന്തര ബാങ്കുകൾ ജിയോയുമായി സഹകരിക്കുമെന്നറിയിച്ചിട്ടുണ്ട്. 700 മെഗാഹെർട്സ് ബാൻഡിലാണ് റിലയൻസിന്റെ 5ജി കേബിളുകൾ പ്രവർത്തിക്കുക. അതുകൊണ്ടു തന്നെ നിലവിലുള്ള 4ജി സംവിധാനം വഴി 5ജി പ്രാവർത്തികമാക്കാൻ കഴിയില്ല. 2500 കോടി രൂപയാണ് 5ജി നെറ്റ്!വർക്കിനായി ചെലവിടേണ്ടത്. കഴിഞ്ഞ വർഷം 5ജി സ്പെക്ട്രം വാങ്ങിയതിലേക്കായി 1100 കോടിയും ബാക്കി വരുന്ന 1400 കോടി രൂപ അടുത്ത നാലു വർഷത്തേക്കുള്ള പ്രവർത്തനച്ചെലവിലേക്കും വിനിയോഗിക്കുമെന്നാണ് റിപ്പോർട്ടുകൾ.

## വിദേശ ഇന്ത്യക്കാർക്ക് രൂപയിൽ ഇടപാടുകൾ നടത്താനായേക്കും



**ന്യൂഡൽഹി:** വിദേശ ഇന്ത്യക്കാർക്ക് അതത് രാജ്യങ്ങളിൽ ഇന്ത്യൻ രൂപയിൽ പരസ്പരം ഇടപാടുകൾ നടത്താൻ അവസരമൊരുക്കണമെന്ന് റിസർവ് ബാങ്ക് നിയോഗിച്ച സമിതിയുടെ ശുപാർശ. വിദേശത്ത് ബ്രാഞ്ചുകളുള്ള ഇന്ത്യൻ ബാങ്കുകളിൽ ഇന്ത്യൻ രൂപ അധിഷ്ഠിതമായ അക്കൗണ്ടുകൾ തുറക്കാൻ വിദേശ ഇന്ത്യക്കാരെ അനുവദിക്കണമെന്നാണ് നിർദേശം. ഡോളർ ആശ്രയത്വം കുറച്ച് രൂപയെ രാജ്യാന്തരവൽക്കരിക്കാനാണ് സമിതിയുടെ ശുപാർശകൾ.

നിലവിൽ വിദേശത്തുള്ള ഇന്ത്യൻ ബാങ്കുകളിൽ വിദേശ കറൻസിയിൽ മാത്രമേ അക്കൗണ്ടുകൾ ആരംഭിക്കാൻ കഴിയൂ. ഇതിനു പകരം വിദേശത്തും 'രൂപ അക്കൗണ്ടുകൾ' അനുവദിക്കണമെന്നാണ് ശുപാർശ.സിംഗപ്പൂരിലെ ഓൺലൈൻ പണമിടപാട് സംവിധാനത്തോട് യുപിഐ ബന്ധിപ്പിച്ചതിനു സമാനമായി മറ്റ് രാജ്യങ്ങളുമായും പങ്കാളിത്തം വേണമെന്നും ശുപാർശയുണ്ട്.



## ആർട്ടിസ്റ്റ് നമ്പൂതിരി അന്തരിച്ചു

**എടപ്പാൾ :** മലയാളത്തിന്റെ വരപ്രസാദം ആർട്ടിസ്റ്റ് നമ്പൂതിരി (98) അന്തരിച്ചു. അസുഖങ്ങളെത്തുടർന്ന് നടുവട്ടത്തെ വീട്ടിൽനിന്ന് കഴിഞ്ഞദിവസം അർധരാത്രിയോടെ എടപ്പാൾ ആശുപത്രിയിലും പിന്നീട് കോട്ടയ്ക്കൽ മിംസ് ആശുപത്രിയിലും പ്രവേശിപ്പിക്കുകയായിരുന്നു. മിംസ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ രാത്രി 12.21ന് ആണ് മരണം. സംസ്കാരം ഇന്ന്.

1925 ൽ പൊന്നാനി കരുവാട്ടില്ലത്താണ് ജനനം. അച്ഛൻ പരമേശ്വരൻ നമ്പൂതിരി, അമ്മ ശ്രീദേവി അന്തർജ്ജനം. ചെറുപ്പത്തിൽ സംസ്കൃതവും അൽപം വൈദ്യവും പഠിച്ചു. കുട്ടിക്കാലം മുതൽ ചിത്രം വരച്ചുതുടങ്ങി. കരിക്കട്ട കൊണ്ട് തറവാട്ടു ചുവരിലും അമ്പലമുറ്റത്തെമണലിലുമൊക്കെയായിരുന്നു വരയുടെ തുടക്കം. ആ താൽപര്യം കണ്ടറിഞ്ഞ്, പ്രശസ്ത ശിൽപിയും ചിത്രകാരനുമായ വരിക്കാശേരി കൃഷ്ണൻ നമ്പൂതിരിയാണ് മദ്രാസ് ഫൈൻആർട്സ് കോളജിലെത്തിച്ചത്. അവിടെ കെ.സി.എസ്. പണിക്കർ, റോയ് ചൗധരി, എസ്. ധനപാൽ തുടങ്ങിയ പ്രഗദ്ഭരുടെ ശിഷ്യനായി. കേരള ലളിതകലാ അക്കാദമി അധ്യക്ഷനായി പ്രവർത്തിച്ചിട്ടുണ്ട്. കേരള ലളിതകലാ അക്കാദമിയുടെ രാജാ രവിവർമ പുരസ്കാരം, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാലസാഹിത്യ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചു. ഭാര്യ: മൃണാളിനി. മക്കൾ: പരമേശ്വരൻ, വാസുദേവൻ.





# ഗ്രീൻഫീൽഡ് ഹൈവേക്ക് പരിസ്ഥിതി അനുമതി; 45 മീറ്റർ വീതിയിൽ നിർമാണം

**കടയ്ക്കൽ:** എംസി റോഡിന് സമാന്തരമായി തിരുവനന്തപുരം മുതൽ അങ്കമാലി വരെ 45 മീറ്റർ വീതിയിൽ നിർമിക്കുന്ന 4 വരി ( 257 കിലോമീറ്റർ ദൂരം ) ഗ്രീൻ ഫീൽഡ് ഹൈവേക്ക് പരിസ്ഥിതി അനുമതിയായി. കേന്ദ്ര സർക്കാരിന്റെ ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിങ് റോഡിൽ കിളിമാനൂരിന് അടുത്തുള്ള പുളിമാത്തു നിന്ന് ആരംഭിച്ച് തിരുവനന്തപുരം, കൊല്ലം , പത്തനംതിട്ട, കോട്ടയം, ഇടുക്കി എറണാകുളം ജില്ലകളിലൂടെ പാത കടന്നു പോകും.

കിളിമാനൂർ നിന്നു കുമ്മിൾ ചിങ്ങേലി മുകുന്നേരി കുതിരപ്പന്തി ദേവീ ക്ഷേത്രം, കോവൂർ മണ്ണൂർ ഉണ്ണികുന്നുമ്പുറം മുളപ്പമൺ പുഞ്ചക്കോണം ആലഞ്ചേരി കുരുവിക്കോണം വെഞ്ചേമ്പ് കുന്നിക്കോട് പിടവൂർ പത്തനാപുരം വഴി പത്തനംതിട്ട ജില്ലയിൽ പ്രവേശിക്കും. ഡപ്യൂട്ടി കലക്ടർമാരുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ സ്ഥലമേറ്റെടുപ്പ് യൂണിറ്റുകളും ഉടൻ തുടങ്ങും.

സ്ഥലമേറ്റെടുപ്പിന്റെ 75 ശതമാനം തുക ദേശീയപാത അതോറിറ്റിയും 25 ശതമാനം സംസ്ഥാന സർക്കാരുമാണ് നൽകുക. സർവേയ്ക്കും മാപ്പിങ്ങിനും കല്ലിടലിനുമായി ഭോപ്പാൽ ആസ്ഥാനമായിട്ടുള്ള എൻജിനീയറിങ് കമ്പനിക്കാണ് കരാർ നൽകിയിരിക്കുന്നത്. കൊട്ടാരക്കര താലൂക്കിലെ കടയ്ക്കൽ, കുമ്മലൽ, മാങ്കോട്, ചിതറ, കോട്ടുക്കൽ, ഇട്ടിവ, മേലില, വെട്ടിക്കവല, ചക്കുവരയ്ക്കൽ , പുനലൂർ താലൂക്കിലെ അഞ്ചൽ, ഏരൂർ, അലയമൺ, വാളക്കോട്, കരുവാളൂർ എന്നീ വില്ലേജുകളിൽ കൂടിയാണ് പാത കടന്നു പോകുന്നത് .

പരമാവധി ജനവാസ കേന്ദ്രങ്ങളും വന മേഖലയും ഒഴിവാക്കിയാണ് റോഡ് അലൈൻമെന്റ് തീരുമാനിച്ചിരിക്കുന്നതും സ്ഥലം ഏറ്റെടുക്കുന്നതും. ടോൾ പിരിവുള്ള പാതയാകും ഇത്.

ഈ വർഷം അവസാനമോ അടുത്ത വർഷം ആദ്യമോ നിർമാണത്തിനുള്ള കരാർ ക്ഷണിക്കുമെന്നാണ് ദേശീയപാത അധികൃതർ നൽകുന്ന സൂചന. 2024 അവസാനമോ 2025 ലോ നിർമാണം ആരംഭിച്ചേക്കും.

# കിഴക്കൻ വെള്ളത്തിന്റെ വരവ്; തോട്ടപ്പള്ളി പൊഴിയുടെ വീതി കൂട്ടാൻ നിർദേശം



**ആലപ്പുഴ:** കിഴക്കൻ വെള്ളത്തിന്റെ വരവ് വർധിച്ചതിനാൽ തോട്ടപ്പള്ളി പൊഴിയുടെ വീതി അടിയന്തരമായി കൂട്ടി കടലിലേക്കുള്ള നീരൊഴുക്ക് സുഗമമാക്കാൻ മന്ത്രിതല യോഗത്തിൽ കർശന നിർദേശം. ജില്ലയുടെ ചുമതലയുള്ള മന്ത്രി പി.പ്രസാദിന്റെ നേതൃത്വത്തിൽ ചേർന്ന അടിയന്തര ഓൺലൈൻ യോഗത്തിൽ മന്ത്രിമാരായ സജി ചെറിയാൻ, റോഷി അഗസ്റ്റിൻ എന്നിവരും പങ്കെടുത്തു. ആവശ്യമുള്ള ഇടങ്ങളിലെല്ലാം ദുരിതാശ്വാസ ക്യാംപുകൾ തുറക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും കലക്ടറോടു നിർദേശിച്ചു. കടലേറ്റം രൂക്ഷമായ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പത്തിശേരി, ഒറ്റമശേരി എന്നിവിടങ്ങളിൽ ഉടൻ ജിയോ ബാഗ് സ്ഥാപിക്കണം.

സാധ്യമായ സ്ഥലങ്ങളിൽ ടെട്രാപോഡുകൾ നിരത്തി വീടുകൾക്കും മറ്റും സംരക്ഷണം ഒരുക്കണമെന്നു മന്ത്രി പി.പ്രസാദ് ജലസേചന വിഭാഗം ഉദ്യോഗസ്ഥർക്ക് കർശനം നിർദേശം നൽകി. മുൻ വർഷങ്ങളിലെ പ്രളയം കണക്കിലെടുത്ത് തോട്ടപ്പള്ളിയിലേക്കുള്ള ലീഡിങ് ചാനലിലെ തടസ്സങ്ങൾ അടിയന്തരമായി നീക്കണമെന്ന് മന്ത്രി സജി ചെറിയാൻ നിർദേശിച്ചു. പാണ്ടി, പെരുമാങ്കര പാലങ്ങൾക്കടിയിൽ മാലിന്യം അടിഞ്ഞു നീരൊഴുക്ക് തടസ്സപ്പെടുന്നുണ്ട്. ഇതു വേഗം പരിഹരിക്കണമെന്ന് മന്ത്രി ജലസേചന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ലീഡിങ് ചാനലിലെ എക്കൽ നീക്കി നീരൊഴുക്ക് സുഗമമാക്കാനും നിർദേശിച്ചു.

യോഗത്തിൽ എ.എം.ആരിഫ് എംപി, എംഎൽഎമാരായ യു.പ്രതിഭ, രമേശ് ചെന്നിത്തല, എം.എസ്.അരുൺകുമാർ, എച്ച്.സലാം, തോമസ് കെ.തോമസ്, ദലീമ ജോജോ, ജില്ലാ കലക്ടർ ഹരിത വി.കുമാർ എന്നിവർ പങ്കെടുത്തു.റോഡരികിലും സ്കൂൾ കെട്ടിടങ്ങൾക്കു മുകളിലേക്കും അപകടകരമായി നിൽക്കുന്ന മരങ്ങളും ചില്ലകളും ഉടൻ വെട്ടണമെന്ന് ജനപ്രതിനിധികൾ ആവശ്യപ്പെട്ടു. വൈദ്യുതിയും വെള്ളവും തടസ്സമില്ലാതെ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പാക്കണം. ജലയാശയങ്ങളിലെ പോള നീക്കി നീരൊഴുക്ക് സുഗമമാക്കണമെന്നും ആവശ്യമുയർന്നു.

# കൊച്ചിയിലെ വെള്ളക്കെട്ട് നിവാരണം: 36 കോടിക്ക് സർക്കാർ ഭരണാനുമതി

**കൊച്ചി:** കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് നിവാരണത്തിനായി 36 കോടി രൂപയുടെ ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകി. ഓപ്പറേഷൻ ബ്രേക്ക് ത്രൂവിന്റെ നാലാംഘട്ട പ്രവർത്തനത്തിൽ കൊച്ചി നഗരം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങൾക്കാണ് പരിഹാരമാകുന്നത്.

ഒരു ചെറിയ മഴ പെയ്താൽ പോലും വെള്ളക്കെട്ടിലാകുന്ന പ്രദേശങ്ങളാണ് സൗത്ത് റെയിൽവേ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻറ് എന്നീ പ്രദേശങ്ങൾ. കെ.എസ്.ആർ.ടി. സ്റ്റാൻറ് പരിസരത്തെ വെള്ളക്കെട്ട് നിവാരണ പ്രവർത്തനങ്ങൾക്കാണ് മുല്ലശ്ശേരി കനാലിന്റെ നവീകരണം നടക്കുന്നത്. എന്നാൽ 25% പ്രവർത്തനങ്ങൾ മാത്രമാണ് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളതെന്നും ബാക്കി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനുള്ള ശ്രമം ത്വരിതഗതിയിൽ നടന്നുവരികയാണെന്നും മേയർ അഡ്വ.എം.അനിൽകുമാർ പറഞ്ഞു.

ഈ പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമാകുവാനുള്ള പ്രധാന കാരണം മുല്ലശ്ശേരി കനാലിൻറെയും പേരണ്ടൂർ കനാലിൻറെയും ആരംഭത്തിലുള്ള താഴ്ന്ന പ്രദേശങ്ങളാണ് ഇവിടം എന്നുള്ളതാണ്. വർഷങ്ങൾക്ക് മുമ്പ് കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് നിവാരണ പ്രവർത്തനങ്ങൾ പഠിച്ച എസ്റ്റീം റിപ്പോർട്ടിൽ രണ്ട് കാര്യങ്ങൾ ചൂണ്ടികാണിച്ചിരുന്നു. അതിൽ ഏറ്റവും പ്രധാനം എം.ജി. റോഡിൽ നിന്നും കൂടുതൽ ഔട്ട്ലെറ്റുകൾ പടിഞ്ഞാറ് കായലിലേക്ക് തുറക്കുക എന്നതായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2005-2010 കാലത്തെ കൗൺസിൽ കെ.പി.സി.സി. ജംഗ്ഷനിൽ നിന്നും സുഭാഷ് പാർക്ക് വഴി ഒരു കാന കായലിലേക്ക് പുതുതായി നിർമ്മിച്ചിരുന്നു. ജ്യൂ സ്ട്രീറ്റിലും ഇതുപോലൊരു കാന മാർക്കറ്റ് കനാലിലേക്ക് നിർമ്മിച്ചിരുന്നു. എന്നാൽ അന്ന് നിർമ്മാണം പൂർത്തീകരിക്കാത്ത കാനകളാണ് ഗോപാല പ്രഭു റോഡിൽ നിന്നുള്ള കാനയും, ഒപ്പം സെൻറ് വിൻസെൻറ് റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുവാനായുള്ള സെൻറ് ബെനഡിക്ട് റോഡിൽ നിന്നും മംഗളവനത്തിന് സമീപമുള്ള തോട്ടിലേക്ക് എത്തിക്കാനുള്ള കാനയും. ഈ രണ്ട് കാനകളുടെയും നിർമ്മാണം വർഷങ്ങളായി മുടങ്ങി കിടക്കുകയാണ്. ഓപ്പറേഷൻ ബ്രേക്ക് ത്രൂ എഞ്ചിനീയർമാരുടെ നിർദ്ദേശം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നും ഇതു പോലെ തന്നെ ഒരു കാന ഡി.എച്ച്. റോഡിലൂടെ കായലിലേക്ക് വെള്ളമെത്തിക്കുന്ന വിധത്തിൽ നിർമ്മിക്കുക എന്നതാണ്. ഈ എസ്റ്റിമേറ്റുകൾക്ക് നിലവിൽ ധനകാര്യ വകുപ്പ് മന്ത്രി അംഗീകാരം നൽകുകയുണ്ടായി.

ഇതു പ്രകാരം സൗത്ത് റെയിൽവേ സ്റ്റേഷൻ മുതൽ വേമ്പനാട്ട് കായൽ വരെ ജോസ് ജംഗ്ഷൻ കടന്ന് പുതിയ ഡ്രെയിനേജ് പണിയുന്നതിനായി 19.5 കോടി രൂപയും, ഹൈക്കോടതി ജംഗ്ഷനിലെ വെള്ളക്കെട്ട് നിയന്ത്രിക്കുവാനായി 4.5 കോടി രൂപയും, സൗത്ത് ബസ് സ്റ്റാൻറിന് പിൻവശത്തെ കമ്മട്ടിപ്പാടം ഭാഗത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 2.5 കോടി രൂപയും, തേവര പേരണ്ടൂർ കനാൽ നവീകരണത്തിനായി 9.5 കോടി രൂപയും സംസ്ഥാന സർക്കാർ ജലസേചന വകുപ്പിന് അനുവദിച്ച് ഉത്തരവായത്. ഇതിൽ കമ്മട്ടിപ്പാടം ഭാഗത്തെ പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെന്നും മേയർ വ്യക്തമാക്കി. തേവര പേരണ്ടൂർ കനാൽ നവീകരണം നിലവിൽ നഗരസഭ സ്വന്തം നിലയിൽ തന്നെ നടത്തിവരുന്നതിനാൽ ഈ പ്രവൃത്തിക്കായി ജലസേചന വകുപ്പിന് അനുവദിച്ച തുകയായ 9.5 കോടി രൂപ കൊച്ചി നഗരസഭയിലെ തന്നെ സെൻറ് ബെനഡിക്ട് റോഡിലെ കാന നിർമ്മാണം, ഡിവിഷൻ 18 ലെ പെട്ടിയും പറയും, ഗോപാല പ്രഭു റോഡിലെ കാന നിർമ്മാണം എന്നീ പ്രോജക്ടുകൾക്ക് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.ഓപ്പറേഷൻ ബ്രേക്ക് ബൂ ത്രൂ രണ്ടാം ഘട്ടത്തിൽ 9.14 കോടി രൂപയുടെ 17 പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുള്ളതും മൂന്നാം ഘട്ടത്തിൽ മുല്ലശ്ശേരി കനാലിൻറെ നവീകരണം അടക്കം 11.89 കോടി രൂപയുടെ 6 പ്രവർത്തികളും ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുള്ളതാണ്. കൂടാതെ മേയറുടെ ആവശ്യപ്രകാരം സ്മാർട്ട് സിറ്റി പദ്ധതിയിൽ നിന്നും 10 കോടി രൂപ ഈ പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുണ്ട്. കൊച്ചിയിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് കൊച്ചി മേയർ അഡ്വ.എം അനിൽകുമാർ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഐ.എ.എസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു. എല്ലാ ഏജൻസികളുടെയും ഏകീകൃതമായ പ്രവർത്തനമാണ് ഓപ്പറേഷൻ ബ്രേക്ക് ത്രൂ പ്രോജക്ടിൽ നടക്കുന്നത്. ആവശ്യാനുസരണം ഈ പ്രവർത്തനങ്ങൾക്ക് ജില്ലയുടെ ചുമതലയുള്ള മന്ത്രി പി രാജീവ് നേതൃത്വം നൽകുന്നുണ്ടെന്നും മേയർ വ്യക്തമാക്കി.

## പദ്മിനി ട്രെയ്‌ലർ റിലീസ്




തിങ്കളാഴ്ച നിശ്ചയം എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ സെന്ന ഹെഗ്ഡെ, കുഞ്ചാക്കോ ബോബനെ നായകനാക്കി സംവിധാനം ചെയ്യുന്ന പദ്മിനി എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയ്‌ലർ റിലീസായി. ജൂലൈ ഏഴിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ അപർണ്ണ ബാലമുരളി,മഡോണ സെബാസ്റ്റ്യൻ, വിൻസി അലോഷ്യസ് എന്നിവരാണ് നായികമാർ.ഗണപതി, അൽത്താഫ് സലിം,സജിൻ ചെറുകയിൽ,ആനന്ദ് മന്മഥൻ,ഗോകുലൻ, ജെയിംസ് ഏലിയ മാളവിക മേനോൻ,സീമ ജി നായർ,എന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ. കുഞ്ഞിരാമായണം, എബി, കൽക്കി, കുഞ്ഞെൽദോ എന്നീ ചിത്രങ്ങൾക്കു ശേഷം ലിറ്റിൽ ബിഗ് ഫിലിംസിന്റെ ബാനറിൽ സുവിൻ കെ. വർക്കി, പ്രശോഭ് കൃഷ്ണ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണംശ്രീരാജ് രവീന്ദ്രൻ നിർവഹിക്കുന്നു.കുഞ്ഞിരാമായണത്തിനു ശേഷം ദീപു പ്രദീപ് തിരക്കഥ സംഭാഷണമെഴുതുന്ന ചിത്രമാണ് പദ്മിനി

സംഗീതംജേക്സ് ബിജോയ്,എഡിറ്റർ മനു ആന്റണി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർവിനീത് പുല്ലുടൻ,പ്രൊഡക്ഷൻ കൺട്രോളർമനോജ് പൂങ്കുന്നം,കലആർഷാദ് നക്കോത്,മേക്കപ്പ്രഞ്ജിത്ത് മണലിപ്പറമ്പ്, വസ്ത്രാലങ്കാരംഗായത്രി കിഷോർ സ്റ്റിൽസ്ഷിജിൻ പി രാജ്,ചീഫ് അസ്സോസിയേറ്റ് ഡയറക്ടർവിഷ്ണു ദേവ് ശങ്കർ ലോഹിതാക്ഷൻ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ഉണ്ണി പൂങ്കുന്നം,ഷിന്റോ ഇരിഞ്ഞാലക്കുട,വിതരണംസെൻട്രൽ പിക്ചേഴ്സ് റിലീസ്,പി ആർ ഒഎ എസ് ദിനേശ്.

## കാത്ത് കാത്തൊരു കല്യാണം




ടോണി,ക്രിസ്റ്റി ബെന്നെറ്റ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിജയിൻ ക്രിസ്റ്റഫർ കഥയെഴുതി സംവിധാനം ചെയ്യുന്ന കാത്ത് കാത്തൊരു കല്യാണം എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.ജോബി,റിയാസ് നെടുമങ്ങാട്,വിനോദ് കെടമംഗലം,പ്രദീപ് പ്രഭാകർ,പ്രമോദ് വെളിയനാട്,രതീഷ് കല്ലറ,വിനോദ് കുരിയന്നൂർ,പുത്തില്ലം ഭാസി,ലോനപ്പൻ കുട്ടനാട്,ജോസ് പാലാ,സോജപ്പൻ,മനോജ് കാർത്യ,പ്രകാശ് ചാക്കാല,സിനി ജിനേഷ് തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.ചെറുകര ഫിലിംസിന്റെ ബാനറിൽ മനോജ് ചെറുകര നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സംവിധായകൻ ജയിൻ ക്രിസ്റ്റഫർ തന്നെ നിർവ്വഹിക്കുന്നു.നന്ദൻതിരക്കഥ, സംഭാഷണമെഴുതുന്നു. സെബാസ്റ്റ്യൻ ഒറ്റമശ്ശേരി എഴുതിയ വരികൾക്ക്മധുലാൽ ശങ്കർസംഗീതം പകരുന്നു.അരവിന്ദ് വേണുഗോപാൽ,സജി, പാർവ്വതി എന്നിവരാണ് ഗായകർ.എഡിറ്റിംഗ്,കളറിങ്ബോർക്കിഡ് മീഡിയ.പ്രൊഡക്ഷൻ കൺട്രോളർ സജിത്ത് പിള്ള,ആർട്ട്ദിലീപ് ചുങ്കപ്പാറ,കോസ്റ്റ്യൂംസ്മധു ഏഴാംകുളം,മേക്കപ്പ്രതീഷ് രവി,സ്റ്റിൽസ്കുമാർ എം,ഡിസൈൻസന മീഡിയ,പശ്ചാത്തല സംഗീതംഅഭിഷായി യോവാസ്,അസ്സോസിയേറ്റ് ഡയറക്ടർസുധീഷ് കോശി,അസിസ്റ്റന്റ് ഡയറക്ടർവിനോദ് വെളിയനാട്,എസ് സുഭാഷ്,പി ആർ ഒ എ എസ് ദിനേശ്.

## തെയ്യങ്ങളുടെ പശ്ചാത്തലത്തിൽ

# മുകൾപ്പരപ്പ്




മുകൾപ്പരപ്പ് എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ, ലാൽ ജോസ്, വിനീത് ശ്രീനിവാസൻ തുടങ്ങിയ പ്രമുഖരോടൊപ്പം അമ്പതോളം പ്രമുഖ താരങ്ങൾ തങ്ങളുടെ ഫേസ്ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.സിബി പടിയറ രചനയും സംവിധാനവും നിർവഹിക്കുന്ന മുകൾപ്പരപ്പ് എന്ന ചിത്രത്തിൽ തിങ്കളാഴ്ച നിശ്ചയം എന്ന ചിത്രത്തിനു ശേഷം സുനിൽ സൂര്യ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. മലബാറിലെ തെയ്യങ്ങളുടെയും പശ്ചാത്തലത്തിലാണ് കഥപറയുന്നത്.അപർണ്ണ ജനാർദ്ദനൻ നായികയാകുന്ന ഈ ചിത്രത്തിൽ പ്രമുഖ താരങ്ങൾക്കൊപ്പം നിരവധി പുതുമുഖങ്ങളും അണിനിരക്കുന്നുണ്ട്. അന്തരിച്ച പ്രശസ്ത നടൻ മാമുക്കോയ അവസാനമായി അഭിനയിച്ച ചിത്രം കൂടിയാണിത്. ശിവദാസ് മട്ടന്നൂർ, ഉണ്ണിരാജ് ചെറുവത്തൂർ, ഊർമിള ഉണ്ണി, ചന്ദ്രദാസൻ ലോകധർമ്മി , മജീദ്, ബിന്ദു കൃഷ്ണ, രജിത മധു, എന്നിവർക്കൊപ്പം തെയ്യം കലാകാരൻമാരും അഭിനയിക്കുന്നുണ്ട്.സഹ രചയിതാവും ഗാനരചയിതാവും കൂടിയായ ജയപ്രകാശൻ കെ കെ യാണ് നിർമ്മാണം. നിരന്തരം പാറഖനനത്തിന്റെ പ്രകമ്പനങ്ങൾ മുഴങ്ങുന്ന ഒരു ഗ്രാമത്തിലെ പേരെടുത്ത തെയ്യം കലാകാരനായ ചാത്തുട്ടിപ്പെരുവണ്ണാന്റെ അന്ത:സംഘർഷങ്ങളിലൂടെ കണ്ണൂരിന്റെ പശ്ചാത്തലത്തിൽ പാരിസ്ഥിതിക വിഷയങ്ങളും ചർച്ച ചെയ്യുന്ന ചിത്രമാണ് മുകൾപ്പരപ്പ് . ജോൺസ്പനയ്ക്കൽ, സിനു സീതത്തോട്, ഷമൽ സ്വാമിദാസ്, ബിജോ മോഡിയിൽ കുമ്പളാംപൊയ്ക, ഹരിദാസ് പാച്ചേനി, മനോജ് സി.പി, ആദിത്യ പി.ഒ, അദ്വൈത് പി.ഒ, ലെജു നായർ നരിയാപുരം എന്നിവരാണ് മുകൾപ്പരപ്പിന്റെ സഹ നിർമ്മാതാക്കൾ. ഛായാഗ്രഹണം ഷിജി ജയദേവൻ,നിതിൻ കെ രാജ്,സംഗീതംപ്രമോദ് സാരംഗ്,ജോജി തോമസ്,ഗാനരചന ജെ പി തവറൂൽ,സിബി പടിയറ,എഡിറ്റർ ലിൻസൺ റാഫേൽ, പശ്ചാത്തല സംഗീതം അലൻ വർഗീസ്,ചീഫ് അസോസിയേറ്റ് ഡയറക്ടർ ശ്രീകുമാർ വള്ളംകുളം, ഫിനാൻസ് കൺട്രോളർ ടി പി ഗംഗാധരൻ,പ്രൊജക്റ്റ് മാനേജർബെന്നി നെല്ലുവേലി, പ്രൊഡക്ഷൻ എക്സിക്യൂട്ടിവ് പ്രവീൺ ശ്രീകണ്ഠപുരം. ഡിടിഎസ് മിക്സിംഗ് ജുബിൻ രാജ്, സ്റ്റുഡിയോമീഡിയ പ്ളസ് കൊച്ചി, വിസ്മയാസ് മാക്സ് തിരുവനന്തപുരം. ജ്യോതിസ് വിഷൻന്റെ ബാനറിൽ എത്തുന്ന മുകൾപ്പരപ്പ് അഗസ്റ്റ് നാലിന് തിയേറ്ററുകളിലെത്തും.പി ആർ ഒഎ എസ് ദിനേശ്.

## ജലധാര പമ്പ് സെറ്റ് സിൻസ് 1962




ആശിഷ് ചിന്നപ്പ സംവിധാനം ചെയ്യുന്ന ജലധാര പമ്പ് സെറ്റ് സിൻസ് 1962 എന്ന ആക്ഷേപ ഹാസ്യ ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.വിജയരാഘവൻ,ജോണി ആന്റണി,ടി ജി രവി,ജയൻ ചേർത്തല,ശിവജി ഗുരുവായൂർ,കലാഭവൻ ഹനീഫ്,സജിൻ,ഹരിലാൽ പി ആർ,ജോഷി മേടയിൽ,വിഷ്ണു ഗോവിന്ദ്, കോഴിക്കോട് ജയരാജ്,പരമേശ്വരൻ പാലക്കാട്, തങ്കച്ചൻ, അൽത്താഫ്,ജെയ്,രാമു മംഗലപ്പള്ളി,ആദിൽ റിയാസ്ഖാൻ, അഞ്ജലി നായർ,നിഷാ സാരംഗ്,സുജാത തൃശ്ശൂർ,സ്നേഹ ബാബു ,നിത ചേർത്തല,ശ്രീരമ്യ തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.വണ്ടർ ഫ്രെയിംസ് ഫിലിംലാന്റിന്റെ ബാനറിൽ ബൈജു ചെല്ലമ്മ, സാഗർ, സംഗീത ശശിധരൻ, ആര്യ പൃഥിരാജ്, എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സജിത് പുരുഷോത്തമൻ നിർവ്വഹിക്കുന്നു.തിരക്കഥ,സംഭാഷണം ആശിഷ് ചിന്നപ്പ, പ്രജിൻ എം പി, കഥ സാനു കെ ചന്ദ്രൻ, സംഗീതം,ബിജി എം കൈലാസ്, പ്രൊഡക്ഷൻ കൺട്രോളർ ബിജു കെ തോമസ്, എഡിറ്റർ രതിന് രാധാകൃഷ്ണൻ, ഗാനരചന മനു മഞ്ജിത്, ബി കെ ഹരിനാരായണൻ,ഗായകർകെ എസ് ചിത്ര, വൈഷ്ണവ്,ഗിരീഷ്,കലദിലീപ് നാഥ്, മേക്കപ്പ് സിനൂപ് രാജ്,കോസ്റ്റ്യൂംസ്അരുൺ മനോഹർ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർരാജേഷ് അടൂർ,സൗണ്ട് ഡിസൈൻധനുഷ് നായനാർ,ഫിനാൻസ് കൺട്രോളർശ്രീക്കുട്ടൻ,ഓഡിയോഗ്രാഫി വിപിൻ നായർ, കാസ്റ്റിംഗ് ഡയറക്ടർ ജോഷി മേടയിൽ,വി എഫ് എക്സ് ശബരീഷ്, ലൈവ് ആക്ഷൻ സ്റ്റുഡിയോസ്, സ്റ്റിൽസ് നൗഷാദ് കണ്ണൂർ,പബ്ലിസിറ്റി ഡിസൈൻ24 എഎം,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്വിനോദ് ശേഖർ,വിനോദ് വേണുഗോപാൽ,പി ആർ ഒ എ എസ് ദിനേശ്.

## ആർട്ടിക്കിൾ 21 ജൂലായ് 28ന്

ലെനിൻ ബാലകൃഷ്ണൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ആർട്ടിക്കിൾ 21 ജൂലൈ 28ന്ചെമ്മീൻ സിനിമാസ് തിയ്യേറ്ററുകളിലെത്തിക്കുന്നു. ലെന, അജു വർഗീസ്, ജോജു ജോർജ്, ബിനീഷ് കോടിയേരി, രോമാഞ്ച്, ലെസ്വിൻ തമ്പു, നന്ദൻ രാജേഷ്, മനോഹരി ജോയ്, മജീദ് തുടങ്ങിയവരാണ് മറ്റു പ്രധാന താരങ്ങൾ.

വാക് വിത്ത് സിനിമാസിന്റെ ബാനറിൽ ജോസഫ് ധനൂപ്,പ്രസീന, എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അഷ്കർ നിർവ്വഹിക്കുന്നു.ബി കെ ഹരിനാരായണൻ എഴുതിയ വരികൾക്ക് ഗോപി സുന്ദർ ഈണം പകരുന്നു.എഡിറ്റർ സന്ദീപ് നന്ദകുമാർ, പശ്ചാത്തല സംഗീതം

ഗോപീ സുന്ദർ,കോ പ്രൊഡ്യൂസർ രോമഞ്ച് രാജേന്ദ്രൻ,സൈജു സൈമൺ,പ്രൊഡക്ഷൻ കൺട്രോളർശശി പൊതുവാൾ,കലഅരുൺ പി അർജ്ജുൻ,

മേക്കപ്പ്റഷീദ് അഹമ്മദ്, വസ്ത്രലങ്കാരംപ്രസാദ് അന്നക്കര, സ്റ്റിൽസ് സുമിത് രാജ്,ഡിസൈൻആഷ്‌ലി ഹെഡ്,സൗണ്ട് ഡിസൈൻരംഗനാഥ് രവി, ചീഫ് അസോസിയേറ്റ് ഡയറക്ടർലിദീഷ് ദേവസ്സി, അസോസിയേറ്റ് ഡയറക്ടർ ഇംതിയാസ് അബൂബക്കർ,വിതരണംചെമ്മീൻ സിനിമാസ്,പി ആർ ഒഎ എസ് ദിനേശ്.

## ഇൻഫോസിസിന്റെ പഠന പ്ലാറ്റ്ഫോം പങ്കിടാൻ ധാരണാപത്രം

**തിരുവനന്തപുരം:** ഇൻഫോസിസിന്റെ പഠന പ്ലാറ്റ്ഫോം പങ്കിടാനും സഹകരിക്കാനും ഇൻഫോസിസും ഡയറക്ട്രേറ്റ് ഓഫ് ടെക്നിക്കൽ എജുക്കേഷനും ധാരണാപത്രം ഒപ്പുവച്ചു. മന്ത്രി ആർ. ബിന്ദുവിന്റെ സാന്നിധ്യത്തിൽ ഇൻഫോസിസ് സീനിയർ വൈസ് പ്രസിഡന്റും എജുക്കേഷൻ ട്രെയിനിംഗ് ആൻഡ് അസസ്മെന്റ് മേധാവിയുമായ തിരുമല അരോഹിയും സംസ്ഥാന ടെക്നിക്കൽ എജുക്കേഷൻ ഡയറക്ടർ ഡോ. രാജശ്രീ എം.എസുമാണ് ധാരണാപത്രം ഒപ്പുവച്ചത്.

ഇതുവഴി കേരളത്തിലെ വിദ്യാർഥികൾക്ക് സൗജന്യ പ്ലാറ്റ്ഫോമിലൂടെ 16,000ത്തിലധികം കോഴ്സുകളിലേക്ക് പ്രവേശനം ലഭിക്കും. ഈ പ്ലാറ്റ്ഫോം ഉപയോഗിച്ച് എൻജിനിയറിംഗ് കോളജുകളിലെ പ്രൊഫസന്മാർക്ക് വെർച്വൽ ക്ലാസുകൾ നടത്താം. ഓൺലൈൻ മൂല്യനിർണയവും സാധ്യമാകും. ഫാക്കൽറ്റിയ്ക്ക് വിദ്യാഭ്യാസ സ്ഥാപനത്തിനായി മൈക്രോസൈറ്റുകളും സൃഷ്ടിക്കാം. ഇൻഫോസിസിന്റെ സ്പ്രിംഗ് ബോർഡ് പ്ലാറ്റ്ഫോമിൽ ലഭ്യമായ കോഴ്സുകളിലൂടെ അധ്യാപകർക്ക് സ്വയം വൈദഗ്ധ്യം നേടാനും പുതിയ കഴിവുകൾ സ്വായത്തമാക്കാനും സാധിക്കും.

## ഡി.എൽ.എഡ് ഡിപ്പാർട്ട്മെന്റ് ക്വാട്ടാ പ്രവേശനം

**തിരുവനന്തപുരം:** 202325 അധ്യയന വർഷം ഡിപ്ലോമ ഇൻ എലിമെന്ററി എജുക്കേഷൻ ഡി.എൽ.എഡ് ജനറൽ കോഴ്സുകളിലേക്കും, ഡി.എൽ.എഡ് (ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം) കോഴ്സുകളിലേക്കും ഡിപ്പാർട്ട്മെന്റ് ക്വാട്ട മുഖേനയുള്ള പ്രവേശനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിലെ അധ്യാപക/അധ്യാപകേതര ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷാ ഫോമിന്റെ മാതൃകയും വിശദ വിവരങ്ങളും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകളിലും www.education.kerala.gov.in വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 20 വൈകുന്നേരം അഞ്ച് മണി.

## ടി.ടി.ഐ യിൽ ഡി.എൽ.എഡ് കോഴ്സ് പ്രവേശനം

**തിരുവനന്തപുരം:** തിരുവനന്തപുരം ജില്ലയിലെ ടീച്ചർ ട്രെയിനിങ് ഇൻ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) കോഴ്സിന് ഗവൺമെന്റ്/ എയ്ഡഡ് ടി.ടി.ഐ. കളിലെയും സ്വാശ്രയ ടി.ടി.ഐ. കളിലെയും സർക്കാർ മെറിറ്റ് സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ നൽകാം.

അപേക്ഷ 20 നകം നൽകണം. പ്രവേശനം സംബന്ധിച്ച വിവരങ്ങൾ www.education.kerala.gov.in ൽ ലഭ്യമാണ്. അപേക്ഷകരായ വിദ്യാർഥികളെ സഹായിക്കുന്നതിന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ അന്വേഷണ വിഭാഗത്തിൽ ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്.

# നാശത്തിന്റെ വക്കിൽ വൈക്കോൽ; ഉണക്കി സൂക്ഷിച്ചവ എടുക്കാൻ ആളില്ല

**ആലങ്ങാട് :** കാർഷിക ഗ്രാമമായ കരുമാലൂരിലെ നെൽക്കർഷകർക്കു മഴ സമ്മാനിച്ചത് ഇരട്ടി ദുരിതം. കുറേയേറെ വൈക്കോൽ മഴയത്തു കിടന്നു നാശത്തിന്റെ വക്കിൽ. ഉണക്കി സൂക്ഷിച്ചവ എടുക്കാനും ആളില്ല. അപ്രതീക്ഷിതമായി എത്തിയ കനത്ത മഴയിൽ കൊയ്തു കൂട്ടി സൂക്ഷിച്ച വൈക്കോൽ നനഞ്ഞു പോയതാണു കരുമാലൂരിലെ കർഷകരിൽ പലരെയും ദുരിതത്തിലാക്കിയത്.

ആഴ്ചകൾക്കു മുൻപാണു കർഷകരിൽ പലരും വൈക്കോൽ ഉണക്കിയെടുത്ത് കെട്ടുകളായും റോളായും സൂക്ഷിച്ചത്. തുടർന്നു വൈക്കോൽ എടുക്കാൻ ആളെ കിട്ടാതെ വന്നതോടെ ചില കർഷകർ പാടശേഖരത്തിനു സമീപം തന്നെ ഇവ കെട്ടുകളായി സൂക്ഷിക്കുകയും മറ്റു ചിലർ വീടിനകത്തും പഴയ കെട്ടിടത്തിലുമെല്ലാം സൂക്ഷിക്കുകയും ചെയ്തു. എന്നാൽ അപ്രതീക്ഷിതമായി എത്തിയ മഴയിൽ പലരുടെയും വൈക്കോൽ കെട്ടുകൾ നനഞ്ഞു കുതിർന്നു.

കരുമാലൂർ മനയ്ക്കപ്പടി സ്വദേശിയായ കർഷകന്റെ 300 റോൾ വൈക്കോലാണു കരുമാലൂർ പാടശേഖരത്തെ റോഡരികിൽ കിടന്നു നനഞ്ഞത്. ശക്തമായ കാറ്റിൽ കുറേയേറെ പാടത്തെ ചെളിയിലേക്കു തെറിച്ചു വീണതോടെയാണു കൂടുതലും നനയാൻ കാരണമായത്. നിലവിൽ ഷീറ്റ് വച്ചു മറിച്ചിട്ടിരിക്കുകയാണ്. മഴ തോരാതെ നനഞ്ഞു കിടക്കുന്നവ ഉണക്കാനും കഴിയില്ല. ഇതോടെ പൂപ്പൽ വന്നു നശിക്കുമോ എന്ന ആശങ്കയുമുണ്ട്.

ഒരു റോളിൽ 25 മുതൽ 30 കിലോഗ്രാം വരെയാണു വൈക്കോലുണ്ടാവുക. അത്തരത്തിലുള്ള 300 റോൾ വൈക്കോലാണു കരുമാലൂർ പാടശേഖരത്തിന്റെ അരികിലായി കൂട്ടിയിരിക്കുന്നത്. നെൽക്കൃഷിയുടെ ഉഴവും കള നീക്കുന്നതുമുൾപ്പെടെയുള്ള ജോലികൾക്കു വേണ്ടി വരുന്ന തുക വൈക്കോൽ വിൽക്കുമ്പോൾ ലഭിച്ചിരുന്നു. ഉയർന്ന കൂലിയും മറ്റു ചെലവുകളും മറി കടക്കുന്നതിനു ഈ തുക ഉപകരിച്ചിരുന്നതായി കർഷകർ പറയുന്നു. എന്നാൽ ഇക്കുറി റോൾ ആക്കി സൂക്ഷിച്ച വൈക്കോൽ വാങ്ങാൻ ആളിതെ വന്നതും അപ്രതീക്ഷിതമായി എത്തിയ കനത്ത മഴയും ഇരട്ടി ദുരിതമാണു സമ്മാനിച്ചത്.



# മലയോരത്തിന്റെ മുഖച്ഛായ മാറ്റാൻ വരുന്നു ഫാം ടൂറിസം

**കോഴിക്കോട്:** കാർഷിക പെരുമയുടെ കാര്യത്തിൽ പ്രശസ്തിയാർജിച്ച കോഴികോടിന്റെ മലയോര മേഖല ഫാം ടൂറിസം എന്ന ആശയത്തിലൂടെ ടൂറിസത്തിന്റെയും വിളനിലമാകാൻ ഒരുങ്ങുകയാണ്. ത്രിതല പഞ്ചായത്തുകളുടെ സംയുക്ത സംരംഭമായി കോഴിക്കോട് അഗ്രോ ഫാം ടൂറിസം പദ്ധതിയുടെ പൈലറ്റ് പ്രൊജക്ട് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ കൂടരഞ്ഞി, കോടഞ്ചേരി, പുതുപ്പാടി, ഓമശ്ശേരി, തിരുവമ്പാടി എന്നീ അഞ്ച് ഗ്രാമ പഞ്ചായത്തുകളിലായി നടപ്പിലാക്കുകയാണ്.

പദ്ധതിയുടെ ഉദ്ഘാടനം ജൂലായ് പത്തിന് കൂടരഞ്ഞി പഞ്ചായത്തിലെ പൂവാറൻതോട് കല്ലംപുല്ലിൽ പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിക്കും. ഒരു നൂതന പരീക്ഷണ മാതൃകാ പദ്ധതി എന്ന നിലയിലാണ് ഈ പൈലറ്റ് പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അധിക വരുമാനത്തിനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ച് കാർഷിക രംഗത്തെ സംരക്ഷിക്കാനും ടൂറിസം മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്താനും പദ്ധതി സഹായകരമാവും. ടൂറിസം രംഗത്തുനിന്നും വരുമാനം കണ്ടെത്തുവാനും സാധാരണ ജനങ്ങളെ സഹായിക്കുവാനുമായാണ് ഇത്തരം ഒരു പദ്ധതി ജില്ലാ പഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്.

വിളനാശവും വന്യജീവി ശല്യവും കാരണം ജീവിതം വഴിമുട്ടി സ്തംഭിച്ചു നിൽക്കുന്ന കർഷക ജനതക്ക് ഈ പദ്ധതി ഏറെ ആശ്വാസകരമാകുമെന്നതിന് തർക്കമില്ല. കർഷകന് ന്യായമായ പ്രതിഫലം ഉറപ്പാക്കുക വഴി ഫാം ടൂറിസം ദീർഘകാലാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കാനും സാധിക്കും. ടൂറിസം ഉൾപ്പെടെ മിക്കവാറും എല്ലാ മേഖലകളെയും കോവിഡ് ബാധിച്ചപ്പോൾ കൃഷി മേഖല പുതിയ മാനങ്ങൾ കൈവരിച്ചു. കേരളത്തിന്റെ സന്തുലിതമായ കാലാവസ്ഥ, ജൈവവൈവിധ്യം, മഴ എന്നിവ ഇവിടെ കൃഷിയും ടൂറിസവും വളരാൻ സഹായകരമായി.

## നിയോഗ് 2023 മിനി തൊഴിൽ മേള നാളെ

**കൊല്ലം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും എംപ്ലോയബിലിറ്റി സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷനിൽ നിയോഗ്2023 മിനി തൊഴിൽമേള നാളെ (ജൂലൈ 8) രാവിലെ ഒമ്പതിന് എൻ കെ പ്രേമചന്ദ്രൻ എം പി ഉദ്ഘാടനം ചെയ്യും. 15 ലധികം സ്വകാര്യ സ്ഥാപനങ്ങളിൽ 600 ഒഴിവുകളാണുള്ളത്. ബാങ്കിങ്, ഫിനാൻസ്, അക്കൗണ്ട്സ്, സെയിൽസ്, മാർക്കറ്റിങ്, അഡ്മിനിസ്ട്രേഷൻ, എച്ച് ആർ, ഐ ടി, എജ്യൂക്കേഷൻ, ടെലികമ്മ്യൂണിക്കേഷൻ, ഓട്ടോമോബൈൽസ് എന്നീ വിഭാഗങ്ങളിലുള്ള തൊഴിൽ ദാതാക്കൾ പങ്കെടുക്കും.

എസ് എസ് എൽ സി, പ്ലസ് ടു, ഡിഗ്രി, എഞ്ചിനീയറിങ്, ഡിപ്ലോമ, ഐ ടി ഐ അല്ലെങ്കിൽ അതിൽ കൂടുതലോ യോഗ്യതയുള്ള 35 വയസ്സിനകം പ്രായമുള്ളവർക്കും അവസാന വർഷ വിദ്യാർഥികൾക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും പങ്കെടുക്കാം. രജിസ്റ്റർ ചെയ്യാൻ എംപ്ലോയബിലിറ്റി സെന്റർ, കൊല്ലം എന്ന ഫേസ്ബുക്ക് പേജിൽ നൽകിയ എൻ സി എസ് പോർട്ടൽ ക്യൂ ആർ കോഡ് ഉപയോഗിക്കാം. ജൂലൈ ഏഴിനകം രജിസ്ട്രേഷൻ പൂർത്തിയാക്കി എൻ സി എസ് പോർട്ടൽ മുഖേന ലഭിക്കുന്ന എൻ സി എസ് ഐ ഡിയും അഞ്ച് ബയോഡേറ്റയുമായി മേളയിൽ പങ്കെടുക്കണം. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ കഴിയാത്തവർക്കായി സ്പോട്ട് രജിസ്ട്രേഷൻ സൗകര്യമുണ്ട്.

## സ്പോർട്സ് കൗൺസിൽ കായിക സെമിനാർ 15 ന്

**ഇടുക്കി:** സംസ്ഥാനത്തൊട്ടാകെ കോർപ്പറേഷൻ, മുൻസിപ്പൽ, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചതിന്റെ ഭാഗമായി ജില്ലയിലെ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ജില്ലാപഞ്ചായത്ത് ഹാളിൽ ആലോചനായോഗം ചേർന്നു.

ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് റോമിയോ സെബാസ്റ്റ്യൻ യോഗം ഉദ്ഘാടനം ചെയ്തു. ജില്ലയിലെ കായിക വികസനത്തിന് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം വിശദീകരിച്ചു. ജൂലൈ 15 ന് രാവിലെ 10 ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് ഹാളിൽ ജില്ലാ സ്പോർട്സ് കൗൺസിലിൽ ഭാരവാഹികൾ, ജില്ലയിലെ കായിക അസോസിയേഷൻ ഭാരവാഹികൾ, കോർപ്പറേഷൻ, മുൻസിപ്പൽ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർ, സെക്രട്ടറിമാർ, മറ്റ് സ്പോർട്സ് അഭ്യുദായാകാംക്ഷികൾ, കായികാധ്യാപകർ, ജനപ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി വിപുലമായി കായികസെമിനാർ സംഘടിപ്പിക്കാൻ യോഗത്തിൽ തീരുമാനിച്ചു.

ജില്ലാ പഞ്ചായത്ത് അംഗം കെ.ജി സത്യൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി ഷൈൻ എൻ.പി സ്വാഗതവും ജില്ലാ സ്പോർട്സ് അസോസിയേഷൻ ഭാരവാഹികൾ, ജില്ലാ സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ ക്ലബ്ബുകളുടെ ഭാരവാഹികൾ, ജില്ലാ സ്പോർട്സ് ഓഫീസർ ദീപ്തിമരിയ ജോസ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കേബിളുകൾ അപകടമുണ്ടാക്കുന്ന രീതിയിൽ വലിച്ചിട്ടില്ലെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കണം

**കൊച്ചി:** റോഡിന്റെ വശങ്ങളിലും പൊതുനിരത്തുകളിലും അലക്ഷ്യമായി വിന്യസിക്കുന്ന കേബിളുകളിൽ കുരുങ്ങി യാത്രക്കാർക്ക് അപകടമുണ്ടാകുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കാൻ തീരുമാനം. സ്കൂട്ടറിൽ മകനെയും മകനെയും കൊണ്ട് സഞ്ചരിക്കവെ ഇലക്ട്രിക് പോസ്റ്റിൽ നിന്ന് റോഡിലേക്ക് അലക്ഷ്യമായി കിടന്നിരുന്ന കേബിൾ ടിവി നെറ്റ് വർക്കിനൊപ്പമുള്ള സ്റ്റേ വയർ കുടുങ്ങി വാഹനം മറിഞ്ഞ് അപകടമുണ്ടായെന്ന എടവനക്കാട് സ്വദേശിയുടെ പരാതിയിലാണ് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിന്റെ തീരുമാനം.കേബിളുകൾ അലക്ഷ്യമായും അശ്രദ്ധമായും റോഡിലും ഇലക്ട്രിക് പോസ്റ്റിനു താഴെയും കൂട്ടയിട്ടതാണ് അപകടത്തിനു കാരണമായതെന്ന് പരാതിയിൽ സൂചിപ്പിക്കുന്നു. കേബിളുകൾ നിശ്ചിത 5.5 മീറ്റർ ഉയര പരിധി പാലിച്ചായിരിക്കണം വലിക്കേണ്ടത്. കൂടാതെ എല്ലാ കേബിളുകളും ടാഗ് ചെയ്യണമെന്ന് ഗതാഗത മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിലും തീരുമാനിച്ചിരുന്നു. കേബിളുകൾ അപകടമുണ്ടാക്കുന്ന രീതിയിൽ വലിച്ചിട്ടില്ലെന്ന് അതത് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കണം. കെഎസ്ഇബി, ബിഎസ്എൻഎൽ, സ്വകാര്യ ഇന്റർനെറ്റ്, കേബിൾ നെറ്റ് വർക്ക് കമ്പനികൾ നിർദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും യോഗം തീരുമാനിച്ചു. ചേരാനെല്ലൂർ പഞ്ചായത്തിന്റെ അതിർത്തിയായ വരാപ്പുഴ പാലത്തിനും ചേരാനെല്ലൂർ സിഗ്നൽ ജംക്ഷനും ഇടയിൽ തുടർച്ചയായി അപകടമുണ്ടാകുന്ന സാഹചര്യത്തിൽ ദേശീയ പാത അതോറിറ്റി ഇവിടം ബ്ലാക്ക് സ്പോട്ട് ആയി നിർണയിച്ചിട്ടുണ്ട്. റോഡിൽ ഡിവൈഡർ, സീബ്രാ ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് ദേശീയ പാതാ അതോറിറ്റിയും റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസറും സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു. എറണാകുളം സെന്റ് തെരേസാസ് കോളേജിനു സമീപത്ത് ഹമ്പ് സ്ഥാപിക്കുന്നതിന് കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി. ദേശീയ പാതയിൽ കുമ്പളം ടോൾ പ്ലാസയ്ക്ക് സമീപം ചരക്കു വാഹനങ്ങൾ അനധികൃതമായി പാർക്ക് ചെയ്യുന്നത് തടയുന്നതിന് ദേശീയ പാതാ അതോറിറ്റിക്ക് നിർദേശം നൽകി. കാക്കനാട് പടമുഗൾസിവിൽ സ്റ്റേഷൻ ലിങ്ക് റോഡിൽ അപകടങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിൽ റോഡിൽ അപകട മുന്നറിയിപ്പ് ബോർഡുകളും നോ പാർക്കിംഗ് ബോർഡുകളും സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിക്കും. പ്രീ പെയ്ഡ് ഓട്ടോ കൗണ്ടറുകളിൽ നിന്ന് യാത്ര പോകുന്ന ഓട്ടോറിക്ഷയുടെ നിരക്ക് കൗണ്ടറിൽ നിന്നു തന്നെ രേഖപ്പെടുത്തി നൽകണമെന്ന ആവശ്യം യോഗം പരിഗണിച്ചു. പ്രീ പെയ്ഡ് കൗണ്ടറുകളിൽ നിന്നുള്ള ഓട്ടോറിക്ഷകൾ അമിത കൂലി ഈടാക്കുന്നുവെന്ന പരാതിയിലാണ് ആവശ്യം. ഇതു സംബന്ധിച്ച് പ്രത്യേക യോഗം ചേരാൻ മോട്ടോർ വാഹന വകുപ്പിന് നിർദേശം നൽകി. അങ്കമാലി നഗരസഭയിലെ ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നത് സംബന്ധിച്ച് നഗരസഭ നടപടി സ്വീകരിക്കാൻ നിർദേശിച്ചു. വടക്കേക്കോട്ട മെട്രോ സ്റ്റേഷനു സമീപത്ത് മെട്രോ പില്ലർ 1003 ന് സമീപം മരം റോഡിലേക്ക് കയറി നിൽക്കുന്ന മരത്തിന്റെ ശിഖരങ്ങൾ അടിയന്തരമായി മുറിക്കാൻ ദേശീയ പാത അതോറ്റിക്ക് നിർദേശം നൽകി. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു. നേരത്തേ 2022 നവംബറിലും ഇപ്പോൾ ചേർന്ന യോഗത്തിലും സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് അടുത്ത മാസം ചേരുന്ന യോഗത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ല കളക്ടർ നിർദേശം നൽകി.ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആർടിഒ ജി. അനന്തകൃഷ്ണൻ, അസിസ്റ്റന്റ് കളക്ടർ നിഷാന്ത് സിഹാര എന്നിവരും മോട്ടോർ വാഹന വകുപ്പ്, പോലീസ്, പൊതുമരാമത്ത് വകുപ്പ്, കൊച്ചി കോർപ്പറേഷൻ, കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ്, ദേശീയ പാത അതോറിറ്റി ഉദ്യോഗസ്ഥരും പങ്കെടുത്തു.



# കപ്പ് ഓഫ് ലൈഫ് പദ്ധതി: സംവാദം സംഘടിപ്പിച്ച് യുകെയിലെ ചെസ്റ്റർ യൂണിവേഴ്സിറ്റി

**കൊച്ചി:** ആർത്തവ ദിനങ്ങളിൽ സാനിറ്ററി പാഡുകൾക്ക് ബദലായി മെൻസ്ട്രൽ കപ്പ് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഹൈബി ഈഡൻ എംപി ആരംഭിച്ച 'കപ്പ് ഓഫ് ലൈഫ്' പദ്ധതിയെക്കുറിച്ച് യുകെയിലെ ചെസ്റ്റർ യൂണിവേഴ്സിറ്റി സംവാദം സംഘടിപ്പിച്ചു. യൂണിവേഴ്സിറ്റിയുടെ എംഎസ്സി ഹെൽത്ത് സയൻസിൽ കപ്പ് ഓഫ് ലൈഫ് പദ്ധതി കേസ് സ്റ്റഡിയായിരുന്നു. ഇതിന്റെ ഭാഗമായാണ് ഹൈബി ഈഡൻ എംപിയെ പങ്കെടുപ്പിച്ചു കൊണ്ട് സംവാദം സംഘടിപ്പിച്ചത്. പരിപാടിയിൽ ഹൈബി ഈഡൻ പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും വിദ്യാർഥികളുടെയും അധ്യാപകരുടെയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.തന്റെ നിയോജകമണ്ഡലമായ എറണാകുളത്ത് നടപ്പാക്കിയ പദ്ധതിക്ക് സ്ത്രീകളിൽ നിന്നും വമ്പിച്ച പ്രതികരണമാണ് ലഭിച്ചതെന്ന് ഹൈബി ഈഡൻ പറഞ്ഞു. സാനിറ്ററി നാപ്കിനെ അപേക്ഷിച്ച് മെൻസ്ട്രൽ കപ്പുകൾ പരിസ്ഥിതി സൗഹൃദമാണെന്ന് അദ്ദേഹം വ്യക്തമാക്കി. ശരിയായി സംസ്കരിക്കാത്ത സാനിറ്ററി നാപ്കിനുകൾ ഭൂമിയെ വിഷമയമാക്കുന്നതിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രമുഖ ബ്രിട്ടിഷ് വിദ്യാഭ്യാസ കമ്പനിയായ ഇന്റർനാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനാണ് (ഐഎസ്ഡിസി) പരിപാടിയുടെ ഏകോപനം നടത്തിയത്. ഇന്ത്യയിൽ ബ്രിട്ടിഷ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിൽ വളരെ സജീവമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഐഎസ്ഡിസി. ഐഎസ്ഡിസി എക്സിക്യൂട്ടിവ് ഡയറക്ടർ ടോം ജോസഫ്, ന്യൂ ഇനീഷ്യേറ്റിവ്സ് ഡയറക്ടർ ജോൺ സേവ്യർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. എറണാകുളത്ത് 24 മണിക്കൂറിനുള്ളിൽ ഒരു ലക്ഷത്തിലധികം മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്ത് കപ്പ് ഓഫ് ലൈഫ് പദ്ധതി ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിൽ ഇടം പിടിച്ചിരുന്നു. എറണാകുളം ജില്ലാ ഭരണകൂടം, ഐഎംഎ കൊച്ചി എന്നിവയുടെ സഹകരണത്തോടെയും മുത്തൂറ്റ് ഫിനാൻസിന്റെ പിന്തുണയോടെയുമാണ് പദ്ധതി നടപ്പാക്കുന്നത്.




# പ്രൊഫ. എം കെ സാനു മാഷിന്റെ സമ്പൂർണകൃതികൾ: കവർ പ്രകാശനം ചെയ്തു



**കൊച്ചി:** കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സാമൂഹ്യ സംരംഭമായ സമൂഹ് പ്രസിദ്ധീകരിക്കുന്ന പ്രൊഫ. എം കെ സാനു മാഷിന്റെ  തെരഞ്ഞെടുത്ത കൃതികളുടെ കവർ പ്രകാശനം ബിടിഎച്ച് ഹോട്ടലിൽ ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻ പിള്ള അധ്യക്ഷത വഹിച്ച ചടങ്ങിൽ ചടങ്ങിൽ ജസ്റ്റിസ് അനു ശിവരാമനു നൽകി ഡോ കെ ജി പൗലോസ് നിർവഹിച്ചു. ചലച്ചിത്രകാരനും ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാനുമായ ഷാജി എൻ കരുണിന്റെ രൂപകൽപ്പനയിൽ ചിത്രകാരൻ സുമേഷ് കമ്പല്ലൂരിന്റെ രചിച്ച പന്ത്രണ്ട് വ്യത്യസ്ത പെയ്ന്റിംഗുകളാണ് പന്ത്രണ്ട് വാല്യമായി പ്രസിദ്ധീകരിക്കുന്ന കൃതികളുടെ കവറുകളായി എത്തുന്നത്. പ്രൊഫ. എം തോമസ് മാത്യു, ഡോ. എം പി സുകുമാരൻ നായർ, പ്രൊഫ. ചന്ദ്രദാസൻ, സിഐസിസി ജയചന്ദ്രൻ, ബോണി തോമസ്, സരസമ്മ ടീച്ചർ എന്നിവർ സംസാരിച്ചു. സാനുമാഷിന്റെ സാഹിത്യപ്രവർത്തനങ്ങളെ സമഗ്രമായി പ്രതിപാദിച്ച് ഡോ എം ലീലാവതി എഴുതിയ സന്ദേശം ചടങ്ങിൽ വായിച്ചു.സാഹിത്യവിമർനങ്ങൾ, ജീവചരിത്രങ്ങൾ തുടങ്ങിയ സാനു മാഷിന്റെ മുഴുവൻ രചനകളും 10200 പേജിൽ സമാഹരിക്കുന്ന പുസ്തകത്തിന്റെ പന്ത്രു വാല്യങ്ങളും ഓഗസ്റ്റ് 15ന് പ്രസിദ്ധീകരിക്കുമെന്ന് സമൂഹ് പ്രസിഡന്റ് ജോബി ജോൺ പറഞ്ഞു.

# കളക്ടറേറ്റിൽ നവീകരിച്ച ഹെൽപ്പ് ഡെസ്ക് പ്രവർത്തനമാരംഭിച്ചു



**കൊച്ചി:** കളക്ടറേറ്റിൽ നവീകരിച്ച ഹെൽപ്പ് ഡെസ്കിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് നിർവഹിച്ചു. ഭിന്നശേഷിക്കാരെയും മുതിർന്ന പൗരന്മാരെയും ലക്ഷ്യമിട്ടാണ് ഹെൽപ്പ് ഡെസ്ക് നവീകരിച്ചത്. പെട്രോനെറ്റ് എൽഎൻജിയുടെ സാമൂഹ്യ പ്രതിബദ്ധതാ ഫ് ഉപയോഗിച്ചാണ് ഹെൽപ്പ് ഡെസ്ക് നവീകരിച്ചത്. 12 ലക്ഷം രൂപ വിനിയോഗിച്ച് ജില്ലാ നിർമ്മിതി കേന്ദ്രയാണ് നവീകരണം പൂർത്തിയാക്കിയത്. വിവിധ സേവനങ്ങൾക്കായി കളക്ടറേറ്റിലെത്തുന്നവർക്ക് ഹെൽപ് ഡെസ്കിന്റെ സേവനം പ്രയോജനപ്പെടുത്താം. പുതിയ ഇരിപ്പിടങ്ങളും മേശയും റിസപ്ഷനിസ്റ്റ് ക്യാബിനും സജ്ജമാക്കിയിട്ടു്. മനോഹരമായി രൂപകൽപ്പന ചെയ്ത ഭിത്തിയിൽ മഹാത്മാ ഗാന്ധിയുടെ ചിത്രങ്ങളും സ്ഥാപിച്ചിട്ടു്. ഉദ്ഘാടന ചടങ്ങിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, അസിസ്റ്റന്റ് കളക്ടർ നിഷാന്ത് സിഹാര, പെട്രോനെറ്റ് പ്ലാന്റ് ഹെഡ് യോഗാനന്ദ റെഡ്ഡി, പെട്രോനെറ്റ് സി എസ് ആർ സിനിയർ മാനേജർ ആശിഷ് ഗുപ്ത തുടങ്ങിയവർ പങ്കെടുത്തു.

# ഹോമിയോ ആശുപത്രികളിൽ നേഴ്സ്; ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം

**കൊച്ചി:** എറണാകുളം ജില്ലയിലെ സർക്കാർ ഹോമിയോ ആശുപത്രികളിൽ നഴ്സ് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.അപേക്ഷകരുടെ പ്രായ പരിധി 18 മുതൽ 41 വരെ. GNM അല്ലെങ്കിൽ BSC Nursing യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവ സഹിതം ജൂലൈ 14 ന് രാവിലെ 10ന് ജില്ലാ ഹോമിയോ മെഡിക്കൽ ഓഫസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0484 2955687.

# മഴക്കെടുതി: മീഡിയ അക്കാദമി പ്രവേശന പരീക്ഷ മാറ്റി

**കൊച്ചി:** കേരള മീഡിയ അക്കാദമി പി ജി ഡിപ്ലോമ കോഴ്‌സുകളിലേക്ക് ജൂലൈ 8 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഓൺലൈൻ പൊതു പ്രവേശന പരീക്ഷ 22ലേക്ക് മാറ്റിവച്ചു. പരീക്ഷയുടെ സമയക്രമത്തിൽ മാറ്റമില്ല.സംസ്ഥാനത്ത് മഴക്കെടുതികൾ വർധിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഗണിച്ചാണ് പരീക്ഷ മാറ്റിയത്. സാങ്കേതിക പ്രശ്നങ്ങളാൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് https://forms.gle/KnCGGKvoUUnoScdBA എന്ന ലിങ്കിലൂടെ അപേക്ഷിക്കാനും അവസരം.വിശദ വിവരങ്ങൾക്ക്: 9645090664, 04842422275.

# കുറ്റ്യാടിയിൽ വിജയോത്സവം ജൂലൈ 10ന്

**കോഴിക്കോട്:** കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് മികവിന്റെ പുരസ്കാരവുമായി കെ.പി കുഞ്ഞമ്മത്കുട്ടി മാസ്റ്റർ എം.എൽ.എയും ഇന്ത്യയിലെ ഏറ്റവും വലിയ പ്ലേ പാർക്കായ കുറ്റ്യാടി ആക്റ്റീവ് പ്ലാനറ്റും. മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്ന് ഈ വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടി വിജയിച്ച കുട്ടികൾക്കാണ് പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നത്. മികച്ച വിജയം കരസ്ഥമാക്കിയ സ്കൂളുകളെയും ആദരിക്കും. ജൂലൈ 10 ന് രാവിലെ ഒൻപതിന് വടകര മുനിസിപ്പൽ ടൗൺഹാളിൽ നടക്കുന്ന ചടങ്ങിൽ മാന്ത്രികൻ ഗോപിനാഥ് മുതുകാടാണ് കുട്ടികളെ അനുമോദിക്കുന്നതും പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നതും.എം.എൽ.എയുടെ നേതൃത്വത്തിൽ മണ്ഡലത്തിൽ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ സ്മാർട്ട് കുറ്റ്യാടി, കുറ്റ്യാടി ആക്റ്റീവ് പ്ലാനറ്റുമായി സഹകരിച്ചാണ് വിജയോത്സവം 2023 എന്ന് പേരിട്ടിട്ടുള്ള പരിപാടി സംഘടിപ്പിക്കുന്നത്. 11 സ്കൂളുകളിൽ നിന്നുള്ള 1300 വിദ്യാർഥികളെയാണ് ചടങ്ങിൽ അനുമോദിക്കുന്നത്.കെ.പി കുഞ്ഞമ്മത്കുട്ടി മാസ്റ്റർ എം.എൽ.എ അധ്യക്ഷനാകുന്ന ചടങ്ങിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി മുഖ്യാതിഥിയാകും. മണ്ഡലത്തിലെ വിവിധ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ ശാക്തീകരണത്തിന്റെ ഭാഗമായാണ് സ്മാർട് കുറ്റ്യാടി പദ്ധതി ആരംഭിച്ചതെന്ന് എം.എൽ.എ പറഞ്ഞു. വിദ്യാർത്ഥികളെയും സ്കൂളുകളെയും കൂടുതൽ വിജയങ്ങൾ കരസ്ഥരാക്കാൻ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതിയുമായി സഹകരിക്കാൻ തീരുമാനിച്ചതെന്ന് ആക്ടീവ് പ്ലാനറ്റ് എം.ഡി നിസാർ അബ്ദുല്ല വ്യക്തമാക്കി. കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കും ആരോഗ്യപരമായ ഉന്നമനത്തിനുമായി കൂടുതൽ പ്രവർത്തനങ്ങൾ നടത്തും. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് കെ.പി കുഞ്ഞമ്മത്കുട്ടി മാസ്റ്റർ എം.എൽ.എ സ്വീകരിക്കുന്ന നയങ്ങൾ ശ്ലാഘനീയമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഐ.ഇ.ഡി.സി എലമെന്ററി, സെക്കൻഡറി സ്പെഷ്യൽ എജ്യുക്കേറ്റർമാരെ നിയമിക്കുന്നു

**കൊച്ചി:** ഐ.ഇ.ഡി.സി സ്പെഷ്യൽ എഡ്യുക്കേറ്റേഴ്സിന്റെ നിലവിലുള്ള ഒഴിവുകളിലേക്കായി കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവരിൽ നിന്നും എറണാകുളം ജില്ല സമഗ്ര ശിക്ഷാ കേരളം അപേക്ഷ ക്ഷണിച്ചു. സ്പെഷ്യൽ എഡ്യുക്കേറ്റേഴ്സ് എലിമെന്ററി വിഭാഗത്തിന് ബിരുദം / പ്ലസ് ടു വും സ്പെഷ്യൽ എഡ്യുക്കേഷനിൽ ഡിപ്ലോമയും സാധുതയുള്ള ആർ.സി.ഐ രജിസ്ട്രേഷനും ഉള്ളവർക്ക് അപേക്ഷിക്കാം. സ്പെഷ്യൽ എഡ്യുക്കേറ്റേഴ്സ് സെക്കൻഡറി വിഭാഗത്തിന് ബിരുദാനന്തര ബിരുദം/ ബിരുദവും സ്പെഷ്യൽ എഡ്യുക്കേഷനിൽ ബിഎഡും സാധുതയുള്ള ആർ.സി.ഐ രജിസ്ട്രേഷനും ഉള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ സ്വയം തയ്യാറാക്കിയ അപേക്ഷ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ബയോഡാറ്റ എന്നിവ ഉൾപ്പെടുത്തിയ അപേക്ഷ ജൂലൈ 14 നുള്ളിൽ സമഗ്രശിക്ഷ കേരള എറണാകുളം ജില്ലാ പ്രോജക്ട് ഓഫീസിൽ (എസ്.എസ്.കെ) യിൽ എത്തിക്കണം. വിശദ വിവരങ്ങൾ ജില്ലാ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 0484 2962041.

# ടർട്ടിൽ വാക്സ് കോഴിക്കോട് കാർ കെയർ സ്റ്റുഡിയോ തുറന്നു



**കോഴിക്കോട്:** ഷിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന 75 വർഷം പാരമ്പര്യമുള്ള അമേരിക്കൻ കാർ കെയറിംഗ് ബ്രാൻഡായ ടർട്ടിൽ വാക്സ് കോഴിക്കോട്ടെ ആദ്യ കാർകെയർ സ്റ്റുഡിയോ സീബാർട്ട് കാർ കെയറുമായി സഹകരിച്ച് കാരപ്പറമ്പിൽ ബാലുശ്ശേരി റോഡിലെ ബുർജ് അൽ ഹിന്ദിന് എതിർവശം തുറന്നു. ടർട്ടിൽ വാക്സ് കാർ കെയർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സാജൻ മുരളി പുറവങ്കര, ഹാനി മുസ്തഫ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. പരിചയസമ്പന്നരായ പ്രൊഫഷണലുകളുടെ സഹായത്തോടെ അത്യാധുനിക ടർട്ടിൽ വാക്സ് ഡീറ്റെയ്‌ലിംഗ് ടെക്നോളജിയും ഉപയോഗിക്കാൻ എളുപ്പവുമായ ടർട്ടിൽ വാക്സ് ഉൽപ്പന്നങ്ങളും അവ ഉപയോഗിച്ചുള്ള ഡിറ്റെയിലിംഗ് സേവനങ്ങളുമാണ് ടർട്ടിൽ വാക്സിന്റെ കാർകെയർ സ്റ്റുഡിയോയിൽ ലഭ്യമാവുക.കാർ കെയർ, ഡീറ്റെയ്‌ലിംഗ് മേഖലകളിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി സേവനങ്ങൾ നൽകിവരുന്ന സീബാർട്ട് കാർ കെയറുമായി ടർട്ടിൽ വാക്സ് ചേരുന്നതോടെ ഈ മേഖലയിലെ ഉപയോക്താക്കൾക്ക് ടർട്ടിൽ വാക്സിന്റെ ഏറ്റവും പുതിയ സാങ്കേതികവിദ്യകളായ സെറാമിക്, ഗ്രാഫീൻ ശ്രേണിയിലെ സേവനങ്ങൾ ലഭ്യമാകും. ഒപ്പം കാർ പേറ്റന്റ് പെൻഡിംഗ് ഗ്രാഫീൻ സാങ്കേതികവിദ്യയുള്ള ഹൈബ്രിഡ് സൊല്യൂഷൻസ്, ഹൈബ്രിഡ് സൊല്യൂഷൻസ് തുടങ്ങിയ ടർട്ടിൽ വാക്സ് ഉൽപ്പന്നങ്ങളും പുതിയ കാർ കെയർ സ്റ്റുഡിയോയിൽ ലഭിക്കും.കോഴിക്കോട്ടെ ഈ പുതിയ സ്റ്റുഡിയോയിലൂടെ വടക്കൻ കേരളത്തിൽ ഉടനീളം മികച്ച കാർ ഡീറ്റെയ്‌ലിംഗ് സേവനം നൽകാനാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്ന്ടർട്ടിൽ വാക്സ് കാർ കെയർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സാജൻ മുരളി പുറവങ്കര പറഞ്ഞു. കാർ കെയർ മേഖലയിലെ പ്രമുഖ ബ്രാൻഡായ ടർട്ടിൽ വാക്സ് ഇന്ത്യയുമായി സഹകരിക്കാനായതിൽ ഏറെ അഭിമാനമുണ്ടെന്ന് സീബാർട്ട് കാർ കെയർ മാനേജിംഗ് പാർട്ണർമാരായ സുരേഷ് ടി കെയും നജീബ് തയ്യിലും പറഞ്ഞു. സ്റ്റാൻഡേർഡ് ഡീറ്റെയ്‌ലിംഗ് പ്രോസസ്സുകൾ, പ്രീക്ലീൻ, സെറാമിക് കോട്ട് പ്രൊട്ടക്ഷൻ എന്നിവയും പെയിന്റ് കറക്ഷനുമുൾപ്പെടുന്ന സെറാമിക് കോട്ട് സംരക്ഷണം; ബേസിക് എക്സ്റ്റീരിയർ വാഷ്, റിൻസ് ആൻഡ് ഡ്രൈ, പെയിന്റ് കറക്ഷൻ, ഹൈബ്രിഡ് വാഷ് ആൻഡ് വെറ്റ് വാക്സ്, സെറാമിക് സ്പ്രേ കോട്ടിംഗ് എന്നിവ ഉൾപ്പെടുന്ന ഹൈബ്രിഡ് സെറാമിക് കോട്ടിംഗ്; സ്മാർട്ട് ഷീൽഡ് ടെക്നോളജി വിത്ത് പെയിന്റ് കറക്ഷൻ. സൂപ്പർ ഹാർഡ് ഷെൽ ഷൈൻ, ക്ലീൻ ആൻഡ് ഷൈൻ എന്നിങ്ങനെ മൂന്നു തരത്തിലുള്ള എക്സ്റ്റീരിയർ റീസ്റ്റൊറേഷൻ ട്രീറ്റ്മെന്റ്; ബേസിക് ഇന്റീരിയർ ക്ലീനിംഗിനുള്ള കാർപ്പെറ്റ്സ് ആൻഡ് അപ്ഹോൾസ്റ്ററി, റൂഫ് ക്ലീനിംഗ്, പ്ലാസ്റ്റിക് വിനൈൽ, സീറ്റ്സ്, ലെതർ, എസി വെന്റുകൾ, എയർ ഫ്രെഷനർ, ഡ്രസ്സിംഗ്, റബ്ബർ ബീഡിംഗ്, സീറ്റ്ബെൽറ്റുകൾ, ഗ്ലാസുകൾ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ഇന്റീരിയർ ഡീറ്റെയിലിംഗ്; ഓഡർ ട്രീറ്റ്മെന്റ് , ഹെഡ്‌ലൈറ്റ് ലെൻസ് റെസ്റ്റൊറേഷൻ, മഴവെള്ളം തടയുന്ന കോട്ടിംഗ്, ട്രിമ്മിങ്, ക്രോം റെസ്റ്റോറേഷൻ തുടങ്ങിയവയുൾപ്പെടുന്ന സ്പെഷ്യാലിറ്റി സേവനങ്ങൾ; 45 മിനിറ്റിൽ പൂർത്തിയാക്കുന്ന ക്ലീനിംഗ്, വാക്വമിങ് കോക്ക്പിറ്റ് ക്ളീനിങ് , പ്രീവാഷ്, റിൻസ്, അലോയ് വീൽസ് ആൻഡ് ടയറുകൾ സ്പ്രെഡ്, റിൻസ്, ഡ്രൈ, ഗ്ലാസ് ക്ലീനിംഗ്, ടയർ ഡ്രസ്സിംഗ് എന്നിവയാണ് കാർകെയർ സ്റ്റുഡിയോയിൽ ലഭ്യമായ പ്രധാന സേവനങ്ങൾ.ടർട്ടിൽവാക്സ് കാർകെയർ ഉൽപ്പന്നങ്ങൾ കമ്പനിയുടെ ടോൾ ഫ്രീ നമ്പറായ 1 800 102 6155 വഴിയും ശാഖകൾ മുഖേനയും വാങ്ങാം.കസ്റ്റമർ കെയർ: customercareindia@turtlewax.com.അംഗീകൃത റീട്ടെയിലർ വിതരണക്കാരനാകാൻ, അല്ലെങ്കിൽ ഒഇഎം പങ്കാളിത്തങ്ങൾക്കായി, ടർട്ടിൽ വാക്സ് കോർപ്പറേറ്റ് ടീമിനെ ബന്ധപ്പെടാൻ: inditaradeenquiry@turtlewax.com. ഇന്ത്യയിൽ ലോഞ്ച് ചെയ്യുന്ന Turtle Wax ഉൽപ്പന്നങ്ങളുടെ പൂർണ്ണമായ ലിസ്റ്റിനെക്കുറിച്ച് കൂടുതലറിയാൻ www.turtlewax.in സന്ദർശിക്കുക

# സ്വർണ വായ്പാ ക്യാംപയിനുമായി ഫെഡറൽ ബാങ്ക്

FEDERAL BANK
YOUR PERFECT BANKING PARTNER

**കൊച്ചി:** സ്വർണം തന്നെ സ്വന്തം കഥ പറയുന്ന വേറിട്ട സ്വർണ വായ്പാ പരസ്യവുമായി ഫെഡറൽ ബാങ്ക്. പലിശ നിരക്ക്, വേഗത്തിലുള്ള ലഭ്യത തുടങ്ങിയ സ്വർണ വായ്പാ പരസ്യങ്ങളിലെ പരമ്പരാഗത ചേരുവകളെ പൊളിച്ചെഴുതി, സ്വർണം കുടുംബങ്ങളിലുണ്ടാക്കുന്ന പരിവർത്തനങ്ങളേയും അതിന്റെ വൈകാരിക മൂല്യങ്ങളേയും സ്വർണം തന്നെ കഥപോലെ പറയുന്നതാണ് ആറ് ഇന്ത്യൻ ഭാഷകളിലായി ഇറക്കിയ ഈ പരസ്യ ജിംഗിളുകളുടെ ഉള്ളടക്കം. കുടുംബങ്ങളിൽ ഏറെ മൂല്യം കൽപ്പിക്കപ്പെടുന്ന സ്വർണം തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ അതിനുണ്ടാകുന്ന വൈകാരികവും സാമ്പത്തികവുമായ പ്രാധാന്യം തിരിച്ചറിഞ്ഞാണ് ഫെഡറൽ ബാങ്ക് ഈ ഗോൾഡ് ലോൺ ക്യാംപയിൻ അവതരിപ്പിച്ചിരിക്കുന്നതെന്ന് ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിംഗ് ഓഫീസർ എം വി എസ് മൂർത്തി പറഞ്ഞു.മിതവ്യയക്കാരും സാഹസികരുമായ ഉപഭോക്താക്കളെ ആകർഷിക്കുന്നതാണ് ഈ പരസ്യം. അഭിലാഷങ്ങൾ നിറവേറ്റാൻ സ്വർണത്തെ എങ്ങനെ സമർത്ഥമായി ഉപയോഗപ്പെടുത്താമെന്നും ഈ ചിത്രം പറയുന്നു.നാം സ്വന്തമാക്കുന്ന ഓരോ തരി സ്വർണവും നമ്മുടെ ജീവിതത്തിലെ അസുലഭ നിമിഷങ്ങളെ ആഘോഷിക്കാനും അടയാളപ്പെടുത്താനും ഉദ്ദേശിച്ചുള്ളതാണ്. ഈ പ്രയാണത്തിൽ പലഘട്ടങ്ങളിലും സ്വർണത്തിന് രൂപാന്തരങ്ങൾ സംഭവിച്ച് നമ്മുടെ അഭിലാഷങ്ങളും ലക്ഷ്യങ്ങളും നിറവേറ്റിത്തരുന്ന ഒന്നായും അനിശ്ചിതത്വങ്ങൾ നിറഞ്ഞ സമയങ്ങളിൽ സുരക്ഷാ കവചമായും മാറുന്നു. സ്വർണത്തിന്റെ ഈ ശക്തിയെ മികച്ച രീതിയിൽ ഈ ക്യാംപയിൻ ആവിഷ്ക്കരിച്ചിരിക്കുന്നു. വീട്ടിൽ വെറുതെ കിടക്കുന്ന ഒരു ആഭരണം എന്നതിൽ നിന്ന് സ്വർണത്തിന്റെ ഉപയോഗയോഗ്യതയേയും മൂല്യത്തേയും പുതിയ തലങ്ങളിലേക്ക് ഉയർത്തുന്നുവെന്നും എം വി എസ് മൂർത്തി പറഞ്ഞു. പരസ്യ ഏജൻസിയായ ഒഗിൽവി ആണ് ഫെഡറൽ ബാങ്കുമായി ചേർന്ന് ഈ ക്യാംപയിൻ രൂപകൽപ്പന ചെയ്ത് നിർമിച്ചത്. സാധ്യതകൾക്കനുസരിച്ച് രൂപാന്തരം പ്രാപിക്കാനുള്ള അസാമാന്യ കഴിവാണ് സ്വർണത്തിനുള്ളത്. ഒരിക്കലും തൊട്ടുകൂടാത്ത വിശുദ്ധ സ്വത്തായി സ്വർണത്തെ കാണുന്ന പൊതുബോധത്തെ വെല്ലുവിളിച്ച്, സ്വർണത്തിന്റെ സാധ്യതകളെ നേരിട്ട് മനസ്സിലാക്കി കൊടുക്കുകയാണ് ഇതിലൂടെ ലക്ഷ്യമിട്ടത്. സാമ്പത്തിക ലക്ഷ്യങ്ങൾ നിറവേറ്റാൻ സ്വർണത്തെ എങ്ങനെ ഉപയോഗിക്കാമെന്ന പുതിയൊരു ചിന്ത കൊണ്ടുവരാൻ ഇതു സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഓഗിൽവി മുംബൈ എക്സിക്യൂട്ടീവ് ക്രിയേറ്റീവ് ഡയറക്ടർ രോഹിത് ദുബെ പറഞ്ഞു.

# സ്പെഷ്യലിസ്റ്റ് ആശുപത്രി നാൽപതാം വാർഷികത്തിന് തുടക്കമായി

## 40 പ്രധാന ശസ്ത്രക്രിയകൾ സൗജന്യമായി ചെയ്യും



**കൊച്ചി:** എറണാകുളം സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റലിന്റെ നാൽപതാം വാർഷികാഘോഷത്തിന് തുടക്കമായി. നാൽപതാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികൾ പ്രഖ്യാപിച്ചു. എറണാകുളം ഐഎംഎ ഹാളിൽ നടന്ന ചടങ്ങ് കേന്ദ്ര വിദേശ പാർലിമെന്ററികാര്യ സഹമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം ചെയ്തു. വാർഷികാഘോഷത്തിന്റെ ഭാഗമായി നിർധനരായ രോഗികൾക്ക് ഒരു വർഷം കൊണ്ട് 40 പ്രധാന ശസ്ത്രക്രിയകൾ സൗജന്യമായി നൽകും. 10 വൃക്കമാറ്റിവെക്കൽ ശസ്ത്രക്രിയ, 15 ഇടുപ്പ് കാൽമുട്ട് മാറ്റിവെക്കൽ ശസ്ത്രക്രിയ, 15 ജനന വൈകല്യ ശസ്ത്രക്രിയ എന്നിവയാണ് പ്രഖ്യാപനം.ആതുര ശുശ്രൂഷാ രംഗത്ത് സ്പെഷ്യലിസ്റ്റ് ആശുപത്രി നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും കേന്ദ്ര സർക്കാരിന്റെ പിന്തുണ ഉറപ്പ് നൽകുന്നുവെന്ന് കേന്ദ്രമന്ത്രി വി മുരളീധരൻ പറഞ്ഞു.ഇന്ത്യയിലെ ആരോഗ്യ രംഗത്തിനായി സംയോജിത സമീപനത്തോടും ദീർഘ വീക്ഷണത്തോടും കൂടിയാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. എല്ലാവർക്കും താങ്ങാനാകുന്ന ചികിത്സ ഉറപ്പാക്കുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ നയമെന്നും അദ്ദേഹം വ്യക്തമാക്കി.സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റൽ സ്ഥാപകനും ട്രസ്റ്റി ഡയറക്ടറുമായ ഡോ. കെ ആർ രാജപ്പൻ അധ്യക്ഷത വഹിച്ചു. സ്പെഷ്യലിസ്റ്റിന്റെ നാൽപത് വർഷത്തെ യാത്ര വിവരിക്കുന്ന വീഡിയോ കൊച്ചി മേയർ അഡ്വ. എം അനിൽകുമാറും, ന്യൂസ് ലെറ്റർ എറണാകുളം എംഎൽഎ ടി ജെ വിനോദും പ്രകാശനം ചെയ്തു. കേരള ഹൈക്കോടതി മുൻ ജഡ്ജുമാരായ ജസ്റ്റിസ് കെ സുകുമാരൻ, ജസ്റ്റിസ് പി എസ് ഗോപിനാഥൻ, പ്ലാസ്റ്റിക് സർജറി വിഭാഗം മേധാവി ഡോ. ആർ ജയകുമാർ, ഓർത്തോപീഡിക് വിഭാഗം മേധാവി ഡോ. സബിൻ വിശ്വനാഥ് എന്നിവർപങ്കെടുത്തു.

# തനിഷ്ക് 'ടെയിൽസ് ഓഫ് മിസ്റ്റിക്' ശേഖരം പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ജ്വല്ലറി റീട്ടെയിൽ ബ്രാൻഡായ തനിഷ്ക് രാജസ്ഥാനിലെ കൊട്ടാരങ്ങളുടെയും നഗരദൃശ്യങ്ങളുടെയും വാസ്തുവിദ്യാ സൗന്ദര്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് അപൂർവവും വിലയേറിയതുമായ വജ്രങ്ങളുടെയും നിറമുള്ള രത്നക്കല്ലുകളുടെയും അതിമനോഹരമായ ശേഖരം പുറത്തിറക്കി. 'ടെയിൽസ് ഓഫ് മിസ്റ്റിക്' എന്ന പേരിലുള്ള ഈ ശേഖരത്തിന്റെ സമാരംഭത്തോടെ 2023-24 ഫാൾവിന്റർ പാരീസ് ഹൗട്ട് കൊറ്റിയർ വീക്കിൽ പ്രശസ്ത ഇന്ത്യൻ ഡിസൈനർ രാഹുൽ മിശ്രയുമായുള്ള പങ്കാളിത്തത്തോടെ അരങ്ങേറ്റം കുറിക്കുന്നതിനും തനിഷ്കിന് കഴിഞ്ഞുതായി തനിഷ്ക് മാർക്കറ്റിംഗ് ജനറൽ മാനേജർ രഞ്ജനി കൃഷ്ണസ്വാമി പറഞ്ഞു. ടെയിൽസ് ഓഫ് മിസ്റ്റിക് ശേഖരത്തിലെ ഓരോ ആഭരണവും രാജസ്ഥാനിലെ വാസ്തുവിദ്യാ വിസ്മയങ്ങളായ കൊട്ടാരങ്ങളുടെ സൂക്ഷ്മതകൾ പകർത്തുന്നവയാണ്. മഹത്തായ ഝരോഖകൾ, കമാനങ്ങൾ, താഴികക്കുടങ്ങൾ, കോണിപ്പടികൾ എന്നിവയുടെ മനോഹാരിത ഉൾക്കൊള്ളിച്ചാണ് ഓരോ രത്നവും ത്രിമാന രൂപത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. 18 കാരറ്റ് സ്വർണ്ണത്തിനൊപ്പം സെമിപ്രഷ്യസ് കളർ സ്റ്റോണുകളും, ഫാൻസി കട്ട് ഡയമണ്ടുകളും ചേർത്തുള്ള അതുല്യമായ രൂപകല്പനയാണ് ടെയിൽസ് ഓഫ് മിസ്റ്റിക് ശേഖരത്തിലെ ആഭരണങ്ങൾക്കുള്ളത്.അതുല്യമായ കരകൗശല മികവിനെ സാങ്കേതിക വൈദഗ്ധ്യവുമായി സംയോജിപ്പിച്ചു കൊണ്ട് കലാപരമായ ആവിഷ്കാരത്തിൻറെ മൂർത്തരൂപമായി മാറ്റുന്ന കരകൗശല വിദഗ്ധർക്കുള്ള ആദരവ് കൂടിയാണ് ഈ ശേഖരമെന്നും രഞ്ജനി കൃഷ്ണസ്വാമി പറഞ്ഞു.ടെയിൽസ് ഓഫ് മിസ്റ്റിക്കിലൂടെ നിറം, സംസ്കാരം, സൗന്ദര്യശാസ്ത്രം എന്നിവ അവകാശപ്പെടുന്ന ഉയർന്ന നിലവാരമുള്ള രത്നാഭരണങ്ങളുടെ ഒരു നിരയുമായി തനിഷ്ക് രാജസ്ഥാന്റെ ചൈതന്യത്തിന് പുതിയ ഭാവം നൽകുകയാണെന്ന് തനിഷ്ക് ഡിസൈൻ വിഭാഗം മേധാവി ഗരിമ മഹേശ്വരി പറഞ്ഞു. രാജസ്ഥാനിലെ ഗംഭീരമായ കൊട്ടാരങ്ങൾ, മനോഹരമായ കോട്ടകൾ, ആകർഷകമായ നഗരദൃശ്യങ്ങൾ എന്നിവയുടെ മനോഹരമായ വാസ്തുവിദ്യാ വിശദാംശങ്ങളിൽ മറഞ്ഞിരിക്കുന്ന കഥകളാണ് ഈ ശേഖരം വിവരിക്കുന്നതെന്നും അവർ പറഞ്ഞു.പാരീസിലെ ഹൗട്ട് കൊറ്റിയർ വീക്കിൽ ഞങ്ങളുടെ കൊറ്റിയർ ഫാൾ 2023 ഷോകേസിൽ ആഭരണ പങ്കാളിയായി ഈ സീസണിൽ തനിഷ്ക് ചേരുന്നതിൽ സന്തോഷവും അഭിമാനവും ഉണ്ടെന്ന് രാഹുൽ മിശ്ര പറഞ്ഞു.



# ടാലന്റ് കപ്പ്: രണ്ടാം റൗണ്ടിന് സജ്ജമായി ഹോണ്ട ടീം

**കൊച്ചി:** ചെന്നൈയിലെ മദ്രാസ് മോട്ടോർ റേസ്ട്രാക്കിൽ (എംഎംആർടി) നടക്കുന്ന 2023 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പ് എൻഎസ്എഫ്250ആർ വിഭാഗത്തിന്റെ രണ്ടാം റൗണ്ടിന് പൂർണ സജ്ജരായി ഹോണ്ട റേസിങ് ഇന്ത്യ ടീം. ആദ്യ റൗണ്ടിലെ മാസ്മരിക പ്രകടനത്തിന് ശേഷമാണ് ടീം വീണ്ടും ചെന്നൈയിലെത്തുന്നത്. ആദ്യ റൗണ്ടിൽ ഏറ്റവും മികച്ച പ്രകടനത്തിലൂടെ കാവിൻ ക്വിന്റൽ ആണ് ഒന്നാം സ്ഥാനത്തെത്തിയത്. രക്ഷിത് ദവെ, പ്രകാശ് കാമത്ത് എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തി. റേസ്ട്രാക്കിലെ കടുത്ത മത്സരത്തിന്റെ പാരമ്യത്തിന് സാക്ഷ്യം വഹിക്കുന്നതിൽ തങ്ങൾ ആവേശഭരിതരാണെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.

# നോർക്ക–സി.ഐ.ഐ ബിസ്സിനസ്സ് മീറ്റ് ഇന്ന് കൊച്ചിയിൽ

**കൊച്ചി:** നോർക്ക റൂട്ട്സും ഇന്ത്യയിലെ ബിസ്സിനസ്സ് കൂട്ടായ്മയായ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും (ഇകക) സംയുക്തമായി ഒമാനിലെ ഇന്ത്യൻ അംബാസിഡർ അമിത് നരംഗ് ഗുമായുള്ള ഇന്ററാക്ടീവ് ബിസ്സിനസ്സ് മീറ്റ് ഇന്ന് കൊച്ചിയിൽ നടക്കും. ചടങ്ങിൽ നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും.സി.ഐ.ഐ ദക്ഷിണമേഖലാ മുൻ അധ്യക്ഷൻ കെ.കെ.എം കുട്ടി , കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) ഡെപ്യൂട്ടി ജനറൽ മാനേജർ വർഗീസ് മാളക്കാരൻ ഉൾപ്പെടെയുള്ളവർ ചടങ്ങിൽ സംസാരിക്കും.കൊച്ചി മരടിലെ അബാദ് ന്യൂക്ലിയസ്സ് മാളിൽ 10 ാം നിലയിൽ പ്രവർത്തിക്കുന്ന സി. ഐ.ഐ ഓഫീസിൽ വൈകിട്ട് നാലു മുതലാണ് പരിപാടി. വിവിധ ബിസ്സിനസ്സ് പ്രതിനിധികൾ ചടങ്ങിൽ സംബന്ധിക്കും.

# ക്യുബെത്തോൺ ഹാക്കത്തോൺ: എൻട്രികൾ ക്ഷണിച്ചു

**കൊച്ചി:** കേരളത്തിൽ നിന്നുള്ള ഏറ്റവും വലിയ വിദ്യാർത്ഥി ഹാക്കത്തോണായ ക്യുബെത്തോണിന്റെ രണ്ടാമതു പതിപ്പിന് എൻട്രികൾ ക്ഷണിച്ചു. ഒന്നര ദശകത്തിലേറെയായി രംഗത്തുള്ള ഐടി കമ്പനിയായ ക്യുബെറ്റാണ് സംഘാടകർ. ഐടി കമ്പനികളുടെ വാണിജ്യ സംഘടനായ നാസ്സ്കോമുമായി സഹകരിച്ചാണ് ഈ വർഷത്തെ മത്സരം. ഇന്ത്യയിലെവിടെയമുള്ള എൻജിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്, ഐടി അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന ഡിഗ്രി, പിജി വിദ്യാർത്ഥികൾക്ക് മൂന്നു മുതൽ അഞ്ചു വരെ അംഗങ്ങളുള്ള ടീമുകളായി പങ്കെടുക്കാം. കോളേജും ബിസിനസും തമ്മിലുള്ള വിടവ് നികത്തൽ (ബ്രിഡ്ജിംഗ് ദി ഗ്യാപ് ഫ്രം കോളേജ് റ്റു ബിസിനസ്) ആണ് ഇത്തവണത്തെ ഇതിവൃത്തം. വിജയികൾക്ക് ഒരു ലക്ഷം രൂപ ക്യാഷ് അവാർഡും 10 ലക്ഷം രൂപയുടെ സീഡ് ഫണ്ടിംഗും സമ്മാനമായി ലഭിക്കും. സീഡ് ഫണ്ടിംഗിന് തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾ സ്റ്റാർട്ടപ്പ് രൂപീകരണത്തിനും പരിഗണിക്കും. ഇൻകുബേറ്റർമാർ, മെന്റർമാർ എന്നിവരുടെ മാർഗദർശനവും ലഭ്യമാക്കും.അപേക്ഷിക്കാനുള്ള അവസാനതീയതി 2023 ജൂലൈ 10. ആദ്യ ഘട്ടത്തിൽ നിന്ന് ജൂലൈ 14ന് 10 ടീമുകളെ ഷോർട്ട്ലിസ്റ്റു ചെയ്യും. ജൂലൈ 29ന് ലൈവ് കോഡിംഗ് സെഷൻ നടക്കും. ഓഗസ്റ്റ് 1 ആദ്യ അഞ്ചു ടീമുകളെ തെരഞ്ഞെടുക്കും. ഓഗസ്റ്റ് 5നാണ് ഫൈനൽ. അതേദിവസം തന്നെ വിജയികളെ പ്രഖ്യാപിക്കുമെന്നും അവാർഡുകൾ വിതരണം ചെയ്യുമെന്നും സംഘാടകർ അറിയിച്ചു.എഐയുടെ പിന്തുണയോടെയുള്ള വിദ്യാഭ്യാസം, പരിസ്ഥിതി വെല്ലുവിളികൾക്കുള്ള സുസ്ഥിര പ്രതിവിധികൾ, ഹെൽത്ത് ടെക്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, നിത്യജീവിതത്തിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സാമൂഹ്യവിഷയങ്ങളിലെ സ്വാധീനം, ഡേറ്റാ സ്വകാര്യത, ട്രാവൽ ആൻഡ് ടൂറിസം തുടങ്ങിയവയാണ് ടീമുകൾക്ക് വിശാലമായ അർത്ഥത്തിൽ പരിഗണിക്കാവുന്ന ഇതിവൃത്തങ്ങളെന്നും സംഘാടകർ അറിയിച്ചു. രജിസ്ട്രേഷന് https://cubethon.cubettech.com/register/

# 'വർക്ക് ഇൻ ഹെൽത്ത് ജർമ്മനി ' ; ഒഡെപെക് മുഖേന ജർമനിയിൽ നേഴ്സ് ആകാം

**കൊച്ചി:** വിദേശത്ത് നേഴ്സിംഗ് ജോലി ആഗ്രഹിക്കുന്ന ഉദ്യോഗാർഥികൾക്ക് ജർമ്മനിയിൽ നേഴ്സ് ആകാൻ അവസരം. കേരള സർക്കാർ സ്ഥാപനമായ ഒഡെപെക് മുഖേന ജർമനിയിലേക്ക് നേഴ്സുമാരെ തെരഞ്ഞെടുക്കുന്നു.'വർക്ക് ഇൻ ഹെൽത്ത് ജർമ്മനി' എന്ന പേരിലുള്ള പദ്ധതിയുടെ ഭാഗമായി ജർമ്മൻ ഗവൺമെന്റ് ഓർഗനൈസേഷൻ ഡിഇഎഫ്എ (DEFA) നേരിട്ടാണ് ഇന്റർവ്യൂ നടത്തുന്നതെന്ന് ഒഡെപെക് ചെയർമാൻ അഡ്വ.കെ.പി അനിൽകുമാർ, ഡിഇഎഫ്എ (DEFA) എക്സിക്യൂട്ടീവ് ഡയറക്ടർ തോർസെൻ കെയ്ഫെർ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.2024 വരെ എല്ലാ മാസവും കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഇന്റർവ്യൂ ഉണ്ടാകും. നേഴ്സിങ്ങിൽ ഡിപ്ലോമയോ ബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി 40 വയസ്സ്. ഇംഗ്ലീഷിൽ നല്ല ആശയവിനിമയ വൈദഗ്ധ്യം ഉണ്ടായിരിക്കണം. പ്രവൃത്തി പരിചയം നിർബന്ധമല്ല. ഇന്റർവ്യൂവിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഡെപെക് സൗജന്യമായി ജർമ്മൻ ഭാഷാ പരിശീലനം നൽകും. കൂടാതെ നിബന്ധനകൾക്ക് വിധേയമായി 10000 രൂപ വരെ പ്രതിമാസ സ്റ്റൈപെൻഡും നൽകും. ആദ്യ തവണ തന്നെ ബിടു(B2) ലെവൽ പരീക്ഷ വിജയിക്കുന്നവർക്ക് 400 യൂറോ പാരിതോഷികമായി ലഭിക്കും. ഇവയ്ക്കു പുറമെ ജർമൻ ഭാഷ പരീക്ഷ, അറ്റസ്റ്റേഷൻ, വിസ, എയർ ടിക്കറ്റ്, തുടങ്ങി എല്ലാ പ്രോസസ്സിംഗുകളും സൗജന്യമായിരിക്കും.നിലവിൽ നൂറോളം നേഴ്സുമാർ ഒഡെപെക് മുഖേന ജർമ്മൻ പരിശീലനത്തിലേർപ്പെട്ടിട്ടുണ്ട്. ഈ വർഷം ആഗസ്റ്റ് മുതൽ ഇവർ ജർമ്മനിയിലേക്ക് യാത്ര തിരിക്കും. പദ്ധതിയുടെ അടുത്ത ബാച്ചിലേക്ക് പ്രവേശന നടപടികൾ ആരംഭിച്ചു കഴിഞ്ഞുവെന്നും അഡ്വ.കെ.പി അനിൽകുമാർ വ്യക്തമാക്കി. മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സിന്റെ അംഗീകാരത്തോടെ കഴിഞ്ഞ നാലു പതിറ്റാണ്ടായി വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമാണ് ഒഡെപെക്. ഇതുവരെ ഒഡെപെക് മുഖേന വിവിധ രാജ്യങ്ങളിൽ 10,071 പേർക്ക് തൊഴിൽ അവസരം നൽകി. നേഴ്സ്, ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ, എൻജിനീയർ, ടീച്ചർ, തുടങ്ങി വിവിധ വിഭാഗം ജീവനക്കാരെ ഗൾഫ് രാജ്യങ്ങൾ, മാൽദീപ്, യു.കെ, ജർമ്മനി, ബെൽജിയം, അയർലണ്ട്, തുടങ്ങി വിവിധ രാജ്യങ്ങളിലേക്ക് നിയമിച്ചിട്ടുണ്ടെന്നും അഡ്വ.കെ.പി അനിൽകുമാർ പറഞ്ഞു. സൗജന്യമായാണ് ഒഡെപെക് യു.കെ റിക്രൂട്ട്മെന്റ് നടത്തുന്നത്. വിദ്യാർഥികൾക്കായി സ്റ്റഡി എബ്രോഡ് എന്ന പുതിയ പദ്ധതി കൂടി ഒഡെപെക് ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും അഡ്വ.കെ.പി അനിൽകുമാർ വ്യക്തമാക്കി.ജർമ്മൻ യൂണിറ്റ് ഹെഡ് ഹെൽത്ത് കെയർ കോബാ ക്രൗസും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.വിശദ വിവരങ്ങൾക്ക് www.odepc.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക . ഫോൺ 0471 2329440.




**ഒഡെപെക് മുഖേന ജർമ്മൻ ഗവൺമെന്റ് ഓർഗനൈസേഷൻ ഡിഇഎഫ്എ(DEFA) ജർമ്മനിയിലേക്ക് നേഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന്റെ ഭാഗമായി ഒഡെപെക് ചെയർമാൻ അഡ്വ.കെ.പി അനിൽകുമാർ, ഡിഇഎഫ്എ (DEFA) എക്സിക്യൂട്ടീവ് ഡയറക്ടർ തോർസെൻ കെയ്ഫെർ, ജർമ്മൻ യൂണിറ്റ് ഹെഡ് ഹെൽത്ത് കെയർ കോബാ ക്രൗസ് എന്നിവർ എറണാകുളം പ്രസ് ക്ലബ്ബിൽ വാർത്താ സമ്മേളനം നടത്തിയപ്പോൾ**

## ടെലിവിഷൻ പരിപാടി നിർമ്മാണം: പ്രൊപ്പോസൽ ക്ഷണിച്ചു

**തിരുവനന്തപുരം:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന് വേണ്ടി പ്രതിവാര ടെലിവിഷൻ സംവാദപരിപാടി നിർമ്മിച്ച് നൽകുന്നതിന് ടെലിവിഷൻ ചാനലുകൾ, പ്രൊഡക്ഷൻ ഹൗസുകൾ എന്നിവരിൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ചു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ നിന്നും ഒന്നര ചുറ്റളവിൽ 2500 സ്ക്വയർ ഫീറ്റ് ശീതീകരണ സംവിധാനമുള്ള ഷൂട്ടിംഗ്, ഫ് ളോർ ഷൂട്ടിന് അനുയോജ്യമായ ജിബ് ഉൾപ്പെടെയുള്ള ക്യാമറകൾ (കുറഞ്ഞത് 6 എണ്ണം), വീഡിയോ ,ഓഡിയോ റെക്കോഡിംഗ്, എഡിറ്റ് സ്യൂട്ട്, മിക്സിങ് യൂണിറ്റ്, വാഹനങ്ങൾ, ഗസ്റ്റ് റിലേഷൻസ്, ഗസ്റ്റ് റിലേഷൻസുമായി ബന്ധപ്പെട്ട് താമസയാത്ര സൗകര്യം, സപ്പോർട്ടിങ് സ്റ്റാഫ്, മറ്റ് അനുബന്ധ പ്രീ/ പോസ്റ്റ് പ്രൊഡക്ഷൻ സൗകര്യങ്ങൾ എന്നിവ സജ്ജമാക്കാൻ സന്നദ്ധരായ സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ/പദ്ധതി നിർവ്വഹണ നേട്ടങ്ങൾ സംബന്ധിച്ച സംവാദ പരിപാടി നിർമ്മിക്കുന്നതിൽ കുറഞ്ഞത് ഒന്നര വർഷത്തെ പരിചയം ഉണ്ടാകണം.സ്ഥാപനങ്ങൾ 12 മണിക്കൂർ നോട്ടീസ് സമയത്തിനുള്ളിൽ ഷൂട്ടിംഗ് സജ്ജമാക്കാൻ പര്യാപ്തരായിരിക്കണം. അപേക്ഷകൾ 15 ദിവസത്തിനകം ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ നൽകണം. ഫോൺ: 0471 2518908, 2518867.

# കേരളത്തിൽ ജിയോ ഭാരത് ഫോണുകൾ ഉത്ഘാടനം ചെയ്തു



**തിരുവനന്തപുരം:** കേരളത്തിലെ ജിയോ ഭാരത് ഫോണുകളുടെ ഉത്ഘാടനം ഐടി മിഷൻ ഡയറക്ടർ അനുകുമാരി ഐഎഎസ് നിർവഹിച്ചു. പാർട്ട്ടൈം ജോലിക്കാരിയായ തിരുവനന്തപുരം സ്വദേശി രാജേശ്വരിക്ക് ആദ്യ ഫോൺ കൈമാറി . റിലയൻസ് ജിയോ ചീഫ് സ്റ്റേറ്റ് കോഓഡിനേറ്റിംഗ് ഓഫീസർ പ്രദീപ് കുമാർ , ജിയോ പോയിന്റ് ലീഡ് വിപിൻ നന്ദഗോപൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു കേരളത്തിലുടനീളമുള്ള ജിയോ സെന്റർ, ജിയോ പോയിന്റ് എന്നിവടങ്ങളിൽ നടന്ന വിവിധ പരിപാടികളിലൂടെ 250 സ്ത്രീകൾക്ക് ജിയോ ഭാരത് ഫോണുകൾ സൗജന്യമായി നൽകി.രാജ്യത്തുടനീളമുള്ള 25 കോടി ഫീച്ചർ ഫോൺ ഉപയോക്താക്കളെ ഇന്റർനെറ്റ് പ്രവർത്തനക്ഷമമാക്കിയ ഫോണുകളിലൂടെ ശാക്തീകരിക്കുന്നതിൽ ഈ സംരംഭത്തിന് കഴിയും.കേരളത്തിൽ കുടുംബശ്രീയുൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിലെ സ്ത്രീകൾക്ക് ഫോൺ നൽകിക്കൊണ്ട് ഡിജിറ്റൽ ലിംഗ വ്യത്യാസം നികത്താനാണ് ജിയോ ശ്രമിക്കുന്നതെന്ന് ജിയോ അധികൃതർ വ്യക്തമാക്കി.കേരളത്തിൽ 1.65 കോടി 2ജി/ 3 ജി ഉപഭോക്താക്കൾ ഉണ്ടെന്നാണ് ട്രായ് ഡാറ്റ കാണിക്കുന്നത്. 4 ജി യിലേക്കുള്ള മാറ്റം കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ആസ്വദിക്കുന്നതിന് ഇവരെ പ്രാപ്തരാക്കും. 999 രൂപയ്ക്കാണ് ഫോൺ മാർക്കറ്റിൽ ലഭ്യമാവുക. ഇന്റർനെറ്റ് സൗകര്യമുള്ള ഫോണുകളിൽ ഏറ്റവും കുറഞ്ഞ നിരക്കാണിത്. ജൂലൈ ഏഴു മുതൽ ഇന്ത്യയിൽ ഉടനീളമുള്ള സ്റ്റോറുകളിൽ ലഭ്യമാകും, ആദ്യ ഘട്ടത്തിൽ 10 ലക്ഷം ഫോണുകളാണ് പുറത്തിറക്കുക. 14 ജിബി ഡാറ്റയും അൺലിമിറ്റഡ് കോളുകളും പ്രതിമാസം 123 രൂപയ്ക്കാണ് ലഭ്യമാകുക. 1234 രൂപയുടെ വാർഷിക പ്ലാനും ഉണ്ട്.ജിയോഭാരത് ഫോണിൽ ഇന്റർനെറ്റ് ആസ്വദിക്കുന്നതിനൊപ്പം ജിയോസിനിമ , ജിയോസാവൻ എന്നീ ആപ്പുകളും സൗജന്യമാണ് . യു പി ഐ പേയ്മെന്റുകളും സാധ്യമാകുമെന്നും ജിയോ അധികൃതർ പറഞ്ഞു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663